# ദി ഡിഫൻഡർ

Vol. No. 7 Issue No. 15 RNI Reg. No. 68089 / 97 Published From Perumbavoor 2004 AUGUST 1


## റ്റി.എസ്.ഏബ്രഹാം ആരാധ്യനോ?

റ്റി.എസ്.ഏബ്രഹാം ആരാധ്യനാണോ? ആണെന്ന് റ്റി.എസ്.ഏബ്രഹാം പോലും പറയുമെന്ന് തോന്നുന്നില്ല. പക്ഷേ, രാജാവിനേക്കാൾ വലിയ രാജഭക്തി ഉള്ളവർ ഐ.പി.സിയിലുണ്ട്. അത്തരക്കാരിൽ ഒരാൾ ഈയിടെ റ്റി.എസ്.ഏബ്രഹാമിനെ ആരാധ്യനായി പ്രഖ്യാപിച്ചു.

ഐ.പി.സിയുടെ സ്റ്റേറ്റ് കൗൺസിൽ അംഗമായ ഒരു പാസ്റ്ററാണ് ഈ വീരകൃത്യം ചെയ്തത്. സത്യം മാത്രമേ പറയൂ എന്ന് ദൈവനാമത്തിൽ സത്യം ചെയ്തിട്ട് നടത്തിയ പ്രഖ്യാപനമാകയാൽ ഇത് മുഖവിലയ്ക്കെടുക്കുകയും ചെയ്യാം.

ഐ.പി.സിയുടെ ജനറൽ പ്രസിഡന്റും ആരാധ്യനുമായ റ്റി.എസ്.ഏബ്രഹാമിന് അപമാനകരമായി റ്റി.എസ്.ബാലൻ എഴുതി എന്നൊരു പ്രസ്താവന ഈ കൗൺസിൽ അംഗം നടത്തി. ഇതിന് വിശദീകരണം തേടിക്കൊണ്ട് റ്റി.എസ്.ബാലൻ ഉന്നയിച്ച ചോദ്യങ്ങൾക്കുള്ള മറുപടിയെന്ന നിലയിലാണ് ഇദ്ദേഹം വിഷയം വിശദീകരിച്ചത്?

എന്തുകൊണ്ടാണ് റ്റി.എസ്.ഏബ്രഹാമിനെ ആരാധ്യൻ എന്നു വിളിക്കുന്നത് എന്ന് റ്റി.എസ്.ബാലൻ ചോദിച്ചു. റ്റി.എസ്.ഏബ്രഹാം ഐ.പി.സിയുടെ ജനറൽ പ്രസിഡന്റും ഞങ്ങളുടെയെല്ലാം പിതാവുമായതുകൊണ്ടാണ് അദ്ദേഹം ആരാധ്യനായത് എന്ന മറുപടിയാണ് ലഭിച്ചത്. (നിങ്ങളിൽ ആരും പിതാവെന്ന് പേരെടുക്കരുത് എന്നും ദൈവം മാത്രമേ പിതാവായിട്ടുള്ളു എന്നും പഠിപ്പിച്ച കർത്താവിനെ ഐ.പി.സി. മറന്നെന്നു തോന്നുന്നു).

ദൈവദൂഷണം അവിടം കൊണ്ടും തീർന്നില്ല. റ്റി.എസ്. ഏബ്രഹാം അല്ലാതെ മറ്റേതെങ്കിലും ആരാധ്യൻ ഐ.പി.സിയിൽ ഉണ്ടോ എന്ന് റ്റി.എസ്. ബാലൻ ചോദിച്ചു. വിചിത്രമായ ഒരു മറുപടിയാണ് ഈ ചോദ്യത്തിന് ലഭിച്ചത്:

ഉണ്ട്, പരിശുദ്ധാത്മാവ് എന്നത്രേ അദ്ദേഹം പറഞ്ഞത്. റ്റി.എസ്. ഏബ്രഹാമാണ് ഐ.പി.സിയിലെ ആരാധ്യൻ. അദ്ദേഹം കഴിഞ്ഞാൽ പരിശുദ്ധാത്മാവുകൂടിയുണ്ട് ആരാധ്യനായിട്ട്.

ഐ.പി.സിയുടെ സ്റ്റേറ്റ് പ്രസ്ബിറ്ററി അംഗമായ വ്യക്തിയാണ് ഇതൊക്കെ തികച്ചും ഔദ്യോഗികമായി പറഞ്ഞത്. ഇക്കണക്കിനു പോയാൽ ഐ.പി.സി. എവിടെച്ചെന്ന് അവസാനിക്കും എന്നേ ഇനി അറിയാനുള്ളു.

# ചാനൽ സ്വപ്നം വാടിക്കരിയുന്നു

കെ.സി.ജോണിന്റെ ചാനൽ സ്വപ്നം വാടിക്കരിയുകയാണ്. പണമില്ല എന്നതുതന്നെ പ്രധാന പ്രശ്നം. ആകെ 25 കോടി രൂപ ചെലവ് വരുമെന്നും അതിന്റെ മൂന്നിൽ ഒന്ന് കിട്ടിക്കഴിഞ്ഞെന്നും ഒക്കെ പത്രസമ്മേളനത്തിൽ പറഞ്ഞത് പച്ചക്കള്ളമായിരുന്നു. ബാക്കി പണം പിരിച്ചെടുക്കാനായി അമേരിക്കയിൽ പോയിരിക്കയായിരുന്നു കെ.സി. ജോൺ. പക്ഷേ, മനസ്സിൽ കണ്ടതെല്ലാം വടികുത്തിപ്പിരിഞ്ഞു. കെ.സി.ജോണിന് പണം കൊടുക്കാൻ തക്ക വിഡ്ഢികൾ അമേരിക്കയിൽ ഏറെ ഇല്ലായിരുന്നു. അതുകൊണ്ട് വളരെ ചെറിയ ഒരു തുക മാത്രമേ പിരിഞ്ഞു കിട്ടിയുള്ളൂ. ഇനി എന്തു ചെയ്യണമെന്നറിയാതെ കുഴയുകയാണ് കെ.സി.ജോണും കൂട്ടരും.

കഴിഞ്ഞ കാലങ്ങളിൽ കെ.സി.ജോൺ നിരന്തരം പ്രസംഗിച്ചിരുന്ന ഒരു വിഷയമായിരുന്നു ജോസഫിന്റെ സ്വപ്നം. "നിന്നോടല്ല നിന്റെ സ്വപ്നത്തോടാണ് ശത്രുവിന് വിരോധം". ടി.വി. ചാനൽ എന്ന സ്വപ്നവുമായി നടക്കുന്ന കെ.സി.ജോണിനെതിരെ റ്റി.എസ്.ബാലൻ ശക്തമായ നിലപാടെടുത്തതിനെ പരോക്ഷമായി സൂചിപ്പിച്ചാണ് കെ.സി. ജോൺ ഇങ്ങനെ പറഞ്ഞിരുന്നത്. ദുർന്നടപ്പിനുള്ള അവസരം ലഭിച്ചാൽ അത് വിട്ടോടുന്ന സ്വഭാവക്കാരനായിരുന്നു ജോസഫ്. അതുകൊണ്ട് ജോസഫിന്റെ സ്വപ്നം ദൈവം സാക്ഷാത്ക്കരിച്ചു. പക്ഷേ, ദുർന്നടപ്പിനുള്ള ഒരവസരവും വെറുതെ കളയാത്ത കെ.സി.ജോണിന്റെ സ്വപ്നത്തെ ജോസഫിന്റെ സ്വപ്നവുമായി താരതമ്യം ചെയ്യാനാവില്ല. മാത്രമല്ല, കെ.സി.ജോണിനേപ്പോലൊരു ദുർന്നടപ്പുകാരന്റെ സ്വപ്നം സാക്ഷാത്ക്കരിക്കാൻ ദൈവത്തിന് ബാദ്ധ്യതയുമില്ല. അതുകൊണ്ടാണ് കെ.സി. ജോണിന്റെ ചാനൽസ്വപ്നം പൂവണിയാതെപോയത്.

സ്റ്റേറ്റ് സെക്രട്ടറി സ്ഥാനം വിട്ടതോടെ താൻ ഒന്നുമല്ലാതായിത്തീരും എന്നൊരു ശങ്ക കെ.സി.ജോണിനെ പിടികൂടി. എന്തെങ്കിലുമൊക്കെ ചെയ്ത് പിടിച്ചുനിന്നേ പറ്റൂ. അതിനാണ് പവ്വർ വേഡ് മിനിസ്ട്രി എന്ന പേരിൽ ഒരു സംഘടന ഉണ്ടാക്കിയതും ഏതാനും മീറ്റിംഗുകൾ ഒക്കെ സംഘടിപ്പിച്ചതും.

ഈ മീറ്റിംഗുകളൊന്നും വേണ്ടത്ര വിജയിച്ചില്ല. അതുകൊണ്ട് പുതുമയുള്ള എന്തെങ്കിലുമൊക്കെ ചെയ്യണം എന്ന് തീരുമാനിച്ചു. അങ്ങനെയാണ് ടി.വി.ചാനൽ എന്ന പദ്ധതി തലയിൽ ഉദിച്ചത്. ആലോചിച്ചു നോക്കിയപ്പോൾ സംഗതി ഉഗ്രൻ. മാലോകരെല്ലാം ടി.വി. കണ്ട് ആത്മാവിലാകുന്നു. ലോകമായ ലോകം മുഴുവൻ കെ.സിയുടെ നാമം മഹത്വപ്പെടുന്നു.

പിന്നൊന്നും ആലോചിച്ചില്ല. ചാടിയിറങ്ങി. കുറെ വിവരദോഷികൾ ഒപ്പം കൂടി. ഇതാ വരുന്നൂ രണ്ടു ചാനലുകൾ എന്ന് പരസ്യവും കൊടുത്തു. ലോകമെമ്പാടുമുള്ള വിശ്വാസികൾ കിടപ്പാടം വിറ്റുവരെ പണം കൊടുക്കുമെന്നും ആ പണം ഉപയോഗിച്ച് കെ.സിക്ക് ഷൈൻ ചെയ്യാമെന്നും ഒക്കെയായിരുന്നു പ്രതീക്ഷ. പക്ഷേ പ്രതീക്ഷിച്ചത്ര വിഡ്ഢികളല്ല പെന്തക്കോസ്തുകാർ എന്ന് അനുഭവത്തിലൂടെ മനസ്സിലായി. ഇനി എന്തു പറഞ്ഞ് തലയൂരും? പണം കൊടുത്തവരോട് എന്തു സമാധാനം പറയും? കെ.സിയും മാത്യൂസ് ചാക്കോയും കുഴഞ്ഞു എന്നു പറഞ്ഞാൽ മതിയല്ലോ.

## ആരോരും അറിയാതെ ശാരോനിൽ ജനറൽ ബോഡി

ശാരോൻ ഫെലോഷിപ്പിൽ ഈയിടെ ഒരു ജനറൽ ബോഡി മീറ്റിംഗ് നടന്നു. പക്ഷേ ജനറൽ ബോഡി അംഗങ്ങളിൽ പലരേയും അറിയിക്കാതെയാണ് മീറ്റിംഗ് നടത്തിയതെന്നുമാത്രം.

ശാരോൻ ജനറൽ ബോഡി എന്നു പറഞ്ഞാൽ എന്തോ വലിയ മീറ്റിംഗാണെന്ന് ധരിക്കരുത്. ഇരുപതിൽ താഴെ അംഗങ്ങൾ മാത്രമേ ശാരോന്റെ ജനറൽ ബോഡിയിൽ ഉള്ളൂ. ഇത്രയും ആളുകൾക്കു മാത്രമേ ശാരോൻ ഫെലോഷിപ്പ് ചർച്ച് എന്ന സൊസൈറ്റിയിൽ അംഗത്വമുള്ളു എന്നാണ് ശാരോൻ നേതാക്കളുടെ വാദം. (ഇതൊക്കെ ഊളമ്പാറയിൽ മാത്രം പറയാൻ കൊള്ളുന്ന കാര്യങ്ങളാണ്).

ജനറൽ ബോഡിയിലെ ചില അംഗങ്ങൾ ശാരോൻ നേതാക്കൻമാരുടെ വഴിവിട്ട പോക്കിന് എതിരാണ്. ശാരോനിലെ ദുർന്നടപ്പ്, സാമ്പത്തിക വെട്ടിപ്പ് തുടങ്ങിയവയ്ക്കെതിരെ അവർ പ്രതികരിക്കുന്നു. അവരെ ജനറൽ ബോഡിക്ക് വിളിച്ചാൽ പ്രശ്നമാകും. അതുകൊണ്ട് ശ്രീമാൻ കരിമ്പിൻ കാടന്റെ നേതൃത്വത്തിൽ ഒരു പദ്ധതി തയ്യാറാക്കി. വായ് തുറക്കാൻ ധൈര്യമുള്ള ആർക്കും ജനറൽ ബോഡിയേക്കുറിച്ച് അറിയിപ്പ് നൽകേണ്ടതില്ല. വാലാട്ടികളെ മാത്രം വിളിച്ച് ജനറൽ ബോഡി നടത്താം.

പദ്ധതി വിജയകരമായി നടപ്പിലാക്കി. നേതാക്കൻമാരുടെ ദുർന്നടപടികളെ എതിർക്കാൻ ധൈര്യമുള്ള ആർക്കും കത്തയച്ചില്ല. അതുകൊണ്ട് അവർ വരില്ലെന്നുതന്നെ ശാരോൻ നേതാക്കൻമാർ ഉറപ്പിച്ചു. പക്ഷേ, പ്രതീക്ഷിച്ചതുപോലെയല്ല നടന്നത്. ശാരോനിൽ ജനറൽ ബോഡി നടക്കാൻ പോകുന്നു എന്ന് ക്ഷണിക്കപ്പെടാത്തവരും അറിഞ്ഞു. അവർ കൃത്യ സമയത്ത് എത്തുകയും ചെയ്തു.

നേതാക്കൻമാർ പറയുന്നതെല്ലാം ചോദ്യം ചെയ്യാതെ പാസ്സാക്കുകയാണ് എല്ലാ ജനറൽ ബോഡിയിലും നടക്കുന്നത്. പക്ഷേ ആ പതിവ് ഇത്തവണ തെറ്റി. നേതാക്കൻമാരുടെ ദുർന്നടപ്പിനേയും സാമ്പത്തിക വെട്ടിപ്പിനേയും ചോദ്യം ചെയ്യാൻ ചില ജനറൽ ബോഡി അംഗങ്ങൾ തയ്യാറായി. അതോടെ നേതാക്കൻമാർക്ക് ഉത്തരം മുട്ടി.

സ്വന്ത നിലയിൽ സഭകൾ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് ശാരോൻ ജനറൽ ബോഡിയിൽ അംഗത്വം ലഭിക്കാൻ അർഹതയില്ല എന്ന വസ്തുത ചൂണ്ടിക്കാട്ടിയതോടെ റ്റി.ജി.കോശി. ടി.പി.ഏബ്രഹാം തുടങ്ങിയവരുടെ തല താണു. ശാരോൻ ഫെലോഷിപ്പിന്റേതെന്ന വ്യാജേന നടത്തി വരുന്ന സഭകളിൽ നല്ലൊരു പങ്ക് ടി.ജി.കോശിയുടേയും ടി.പി.ഏബ്രഹാമിന്റേയും സ്വകാര്യ സംഘടനയുടെ വകയാണല്ലോ. ശാരോൻ സഭയ്ക്ക് ലഭിച്ച സംഭാവനകൾ ഈ നേതാക്കൻമാർ തട്ടിയെടുത്ത് കീശയിലാക്കിയിട്ടുമുണ്ട്.

രക്ഷപ്പെടാൻ ഒരു വഴിയും ഇല്ലാതായപ്പോൾ തനിക്ക് സഭയേയില്ല എന്ന് ടി.ജി. കോശി പ്രഖ്യാപിച്ചു. ഇത്ര വലിയ കള്ളം പറയാൻ സാക്ഷാൽ ചെകുത്താൻ പോലും അല്പം ശങ്കിക്കും. പക്ഷേ, ടി.ജി.കോശിക്ക് ശങ്കയുണ്ടായില്ല. അത്രയ്ക്ക് അധഃപതിച്ചു കഴിഞ്ഞു അദ്ദേഹം.

മാനേജിംഗ് കൗൺസിലിലേക്കുള്ള തെരഞ്ഞെടുപ്പ് വന്നപ്പോഴാണ് ടി.ജി.കോശി ശരിക്കും വെള്ളം കുടിച്ചത്. ടി.ജി.കോശിയെ വേണം എന്നു പറയാൻ ആരും ഉണ്ടായിരുന്നില്ല. പാവം ആകെ വിയർത്തുപോയി. ഒടുവിൽ "മോരില്ലേൽ ശകലം ഉണ്ടേക്കാം" എന്ന മട്ടിൽ, ഒരു വിധത്തിൽ, അകത്ത് കടന്നുകൂടി. ഇക്കണക്കിനു പോയാൽ അടുത്ത വർഷം ഔട്ടായതുതന്നെ.

## അപ്പച്ചന്റെ തമാശ അവസാനിക്കുന്നില്ല

ജാത്യാലുള്ളത് തൂത്താൽ മാറുമോ എന്നൊരു ചൊല്ലുണ്ട്. ജന്മസിദ്ധമായി കിട്ടുന്നത് മാറ്റാനാവില്ല എന്നാണ് ഈ ചൊല്ലിന്റെ അർത്ഥം. അപ്പച്ചന്റെ കാര്യം പറയാൻ തുടങ്ങുമ്പോൾ ഓർമ്മയിൽ വരുന്നത് ഈ പഴഞ്ചൊല്ലാണ്. പ്രായം 80 ആയിട്ടും അപ്പച്ചന് തമാശ കൂടാതെ ജീവിക്കാൻ വയ്യ.

ആറു പതിറ്റാണ്ടിൽ അധികം നീളമുള്ളതാണ് അപ്പച്ചന്റെ തമാശയുടെ ചരിത്രം. അത് വിശദമായി പറയാൻ അത്ര എളുപ്പമല്ല. മാത്രമല്ല, ചരിത്രാതീത കാലത്തു നടന്ന കാര്യങ്ങളൊന്നുമല്ല പറയാൻ പോകുന്നതും.

കഴിഞ്ഞ ഒരു വർഷത്തിനിടയിൽ നടന്ന സംഭവങ്ങളാണ് ഇനി പറയുന്നത്. തമാശക്കാരനായ അപ്പച്ചന് ഇടയ്ക്കൊക്കെ അല്പം നേരമ്പോക്ക് കൂടിയേ കഴിയൂ. പക്ഷേ, പ്രായം ശ്ശി ആയതുകൊണ്ട് മക്കൾ ഒന്നിനും സമ്മതിക്കുന്നുമില്ല. പുറത്തേയ്ക്ക് ഇറങ്ങാൻ പോലും മകളുടെ അനുവാദം വേണം. എന്താണ് പോംവഴി? വേണമെങ്കിൽ ചക്ക വേരേലും കായ്ക്കും എന്നാണല്ലോ ചൊല്ല്. അപ്പച്ചനയ്ക്ക് ചക്ക കായ്പ്പിച്ചേ പറ്റൂ.

വളരെ ആലോചിച്ച് ഒരു പോംവഴി കണ്ടെത്തി. വളരെ അടുത്ത ഒരാളുടെ സഹായത്തോടെ തികച്ചും രഹസ്യമായി ടാക്സി പിടിച്ച് യാത്ര ചെയ്യാം. കാര്യങ്ങളെല്ലാം അതീവ രഹസ്യമായി നടത്താം. പദ്ധതി ഉഗ്രൻ. അങ്ങനെ ചില യാത്രകളൊക്കെ നടത്തുകയും ചെയ്തു. കാര്യങ്ങളെല്ലാം അങ്ങനെ പുരോഗമിക്കുന്നതിനിടയിലാണ് നാട്ടുകാർ കയറി ഇടപെട്ടത്. തൊണ്ടി സഹിതം പിടിക്കപ്പെട്ടു. ആകെ നാണക്കേടാകുമെന്ന നിലയായി. രക്ഷപ്പെടാൻ ഒരു മാർഗ്ഗവും ഇല്ലാതായപ്പോൾ ഒരാൾ രക്ഷയ്ക്കെത്തി. ഒരു വിധത്തിൽ അപ്പച്ചന്റെ തടി രക്ഷിച്ചു.

അതു കഴിഞ്ഞപ്പോൾ ഒരു ഭയം. രക്ഷിച്ച വ്യക്തി സംഭവം പുറത്താക്കുമോ? അതിനും കണ്ടുപിടിച്ചൂ ഒരു പോംവഴി. അങ്ങേർക്ക് മൂന്നുലക്ഷം രൂപയും പത്തുസെന്റ് സ്ഥലവും വാഗ്ദാനം ചെയ്തു. പക്ഷേ, ആ വാഗ്ദാനം ഇന്നും വാഗ്ദാനമായി നിലനിൽക്കയാണ്. ഒന്നും കൊടുത്തിട്ടില്ല. കിട്ടാനുള്ളത് കിട്ടിയില്ലെങ്കിൽ അന്നത്തെ ഷർട്ട് സഹിതം സംഗതിയൊക്കെ പബ്ലിക്കാക്കും എന്നത്രേ രക്ഷകൻ പറയുന്നത്.

ദി ഡിഫെൻഡർ

Vol. No.7 Issue No. 15 2004 August 1

# വൈകിയുദിക്കുന്ന വിവേകം

ദീർഘദർശനം ചെയ്യാനുള്ള കഴിവ് നേതാവിനുണ്ടായിരിക്കണം. വരാൻ പോകുന്ന നൻമതിൻമകൾ മുൻകൂട്ടിക്കാണാനും അതിനായി അണികളെ ഒരുക്കാനും നേതാവിന് കഴിയണം. ഇത്തരത്തിലുള്ള നേതാക്കളെയാണ് രാഷ്ട്രീയരംഗത്തും ആത്മീയരംഗത്തും ആവശ്യമായിരിക്കുന്നത്. പക്ഷേ, നേതൃനിരയിലുള്ള മിക്കവർക്കും ഇത്തരം ഗുണ ഗണങ്ങളൊന്നുമില്ല. എല്ലാവിധ പ്രശ്നങ്ങൾക്കും കാരണമാകുന്നത് ഈ പിടിപ്പുകേടുതന്നെ.

കേരളത്തിൽ ഇപ്പോൾ ഉണ്ടായിരിക്കുന്ന മിക്ക പ്രശ്നങ്ങൾക്കും കാരണം നേതാക്കൻമാരുടെ ദീർഘവീക്ഷണമില്ലായ്മയാണ്. വിദ്യാഭ്യാസ രംഗത്തെ പ്രശ്നങ്ങൾ തന്നെ നല്ല ഉദാഹരണം. ചോദിച്ചവർക്കെല്ലാം എൻ.ഒ.സി. കൊടുത്തതാണ് പ്രശ്നമായത് എന്ന് വിദ്യാഭ്യാസമന്ത്രി വിലപിക്കുന്നു. സ്വാശ്രയ കോളേജുകൾ എങ്ങനെ പ്രവർത്തിക്കണമെന്നോ സർക്കാരിന് അവയുടെമേൽ എന്തൊക്കെ നിയന്ത്രണങ്ങൾ ഉണ്ടായിരിക്കുമെന്നോ വ്യക്തമാക്കാതെ എൻ.ഒ.സി. കൊടുത്തു. അങ്ങനെ ചെയ്താൽ എന്തായിരിക്കും ഫലം എന്ന് മുൻകൂട്ടി കാണാൻ വിദ്യാഭ്യാസമന്ത്രിക്ക് കഴിഞ്ഞില്ല. ഒരു തത്ത്വദീക്ഷയുമില്ലാതെ എൻ.ഒ.സി. കൊടുക്കരുതെന്ന് പ്രതിപക്ഷം പറഞ്ഞതാണ്. പക്ഷേ, പ്രതിപക്ഷമല്ലേ, അവർ ഗുണം പിടിക്കാനുള്ളതുവല്ലതും പറയുമോ, എന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചത്.

സ്വാശ്രയ കോളേജുകളെ നിയന്ത്രിക്കാൻ ബില്ല് അവതരിപ്പിച്ചപ്പോഴും ദീർഘവീക്ഷണമില്ലായ്മ പ്രകടമായി. ഈ വിധത്തിലുള്ള ഒരു നിയമം സുപ്രീം കോടതിയിൽ ചോദ്യം ചെയ്യപ്പെടുമെന്നും വിധി സർക്കാരിന് അനുകൂലമായിരിക്കില്ലെന്നും മനസ്സിലാക്കാൻ അസാമാന്യ ബുദ്ധിയൊന്നും ആവശ്യമില്ല. പക്ഷേ, സർക്കാരിനു മാത്രം ഇത് മുൻകൂട്ടി കാണാൻ കഴിഞ്ഞില്ല. അതിന്റെ ഫലം അനുഭവിക്കേണ്ടിവരുന്നത് ഈ നാട്ടിലെ പാവപ്പെട്ട കുട്ടികളാണ്.

സ്വകാര്യ ബസ്സ് സമരവും സർക്കാരിന്റെ പിടിപ്പുകേടുകൊണ്ടുണ്ടായതാണ്. ഡീസൽ വിലയിലുണ്ടായ വർദ്ധനവ് ബസ്സ് ചാർജ് വർദ്ധനവ് അനിവാര്യമാക്കിയിരിക്കയാണ് എന്ന വസ്തുത സർക്കാരിനൊഴികെ എല്ലാവർക്കും മനസ്സിലായി. മിനിമം ചാർജ് 2.50 രൂപയാക്കുകയും ബസ്സ് ചാർജിൽ 20 ശതമാനം വർദ്ധനവ് അനുവദിക്കയും ചെയ്തിരുന്നെങ്കിൽ പ്രൈവറ്റ് ബസ്സ് സമരം ഒഴിവാക്കാമായിരുന്നു. പക്ഷേ, അതുണ്ടായില്ല. അതുകൊണ്ട് ജനം വലഞ്ഞു. സുബോധമുള്ളവരൊക്കെ സർക്കാരിനെ പഴിച്ചു.

ഏതു പാർട്ടി ഭരിച്ചാലും കേരളം പറുദീസയാകില്ല. പക്ഷേ, ഏതു സർക്കാരിൽ നിന്നും ചിലതൊക്കെ ജനങ്ങൾ പ്രതീക്ഷിക്കുന്നുണ്ട്. അത് കിട്ടാതെവന്നാൽ ജനം പൊറുക്കുകയില്ല. എ.കെ.ആന്റണിയുടെ നേതൃത്വത്തിലുള്ള സർക്കാരിൽ നിന്ന് ജനങ്ങൾക്കു കിട്ടുന്നതെന്തെന്ന് വിശേഷിച്ച് പറയേണ്ടതില്ല. അടുത്ത അസംബ്ലി തെരഞ്ഞെടുപ്പിൽ ഐക്യ ജനാധിപത്യ മുന്നണി പച്ച തപ്പില്ലെന്നു തീർച്ച.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ആലുവ ആർ.എം.എസ്സിൽ ജില്ല തിരിച്ച് കെട്ടുകളാക്കി കൊടുക്കയാണ് ചെയ്യുന്നത്. കെട്ടുപോലും അഴിക്കാതെ അവർ അത് അയക്കയും ചെയ്യുന്നു. പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ചാൽ പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ

ഗൾഫ് രാജ്യങ്ങൾ: 800 രൂപ

അമേരിക്ക: 30 ഡോളർ

വിലാസം:

എഡിറ്റർ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ. 683542

# സത്യം സത്യമായി

ഗ്രഹപ്പിഴക്കാരൻ തല മൊട്ടയടിച്ചപ്പോൾ കല്ലുമഴ പെയ്തു എന്നു പറഞ്ഞതുപോലെയാണ് എ.കെ.ആന്റണിയുടെ സ്ഥിതി. അദ്ദേഹം എന്തു ചെയ്താലും പ്രശ്നം തന്നെ.

പ്രശ്നമുണ്ടാക്കണം എന്നു കരുതിയല്ല മുഖ്യമന്ത്രി എന്തെങ്കിലും ചെയ്യുന്നത്. പക്ഷേ ഗുണം ചെയ്താലും ദോഷമായിപ്പോകുന്നു എന്നു മാത്രം. പോലീസിന് സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവാദം കൊടുത്തു. അത് ജനങ്ങൾക്ക് ഇഷ്ടമാകുകയും ചെയ്തു. പക്ഷേ, പോലീസ് സ്റ്റേഷൻ കൊണ്ട് ഉപജീവനം കഴിച്ചിരുന്നവർക്ക് അത് രസിച്ചില്ല. അവർ പ്രശ്നമുണ്ടാക്കി. അതോടെ ആന്റണി ശൈലി മാറ്റി. ജനനേതാക്കൾ പറയുന്നത് പോലീസ് കേൾക്കണം എന്നാണ് ഇപ്പോൾ പറയുന്നത്. ഭരണകക്ഷിക്കാർ പറയുന്നതു മാത്രം കേട്ടാൽ മതിയോ എന്നുകൂടി വ്യക്തമാക്കിയാൽ കാര്യങ്ങൾ എളുപ്പമാകും.

കോൺഗ്രസ്സിൽ പിളർപ്പ് ഒഴിവാക്കാൻ എ.കെ.ആന്റണി നടത്തിയ പരാക്രമങ്ങൾ ആർക്കും അവഗണിക്കാനാവില്ല. എന്നിട്ട് എന്തുണ്ടായി? വെളുക്കാൻ തേച്ചത് പാണ്ടായി. ജനം കോൺഗ്രസിനെതിരെ വിധിയെഴുതി. കടിച്ചുമില്ല, പിടിച്ചുമില്ല എന്നു പറഞ്ഞതുപോലെയായി കാര്യങ്ങൾ. ഐക്യം ഉണ്ടായതുമില്ല, തോറ്റ് തൊപ്പിയിടുകയും ചെയ്തു.

കേരളത്തിലെ വിദ്യാർത്ഥികൾ തമിഴ്നാട്ടിലും കർണ്ണാടകത്തിലും മറ്റും പോയി ഉപരിപഠനം നടത്തുന്നതു കണ്ട് മനസ്സലിഞ്ഞാണ് ഇവിടെ സ്വാശ്രയ കോളേജുകൾക്ക് എൻ.ഒ.സി. വാരി വിതറിയത്. അത് ഇങ്ങനെയൊക്കെയാകുമെന്ന് കരുതിയില്ല. ഭസ്മാസുരന് വരം കൊടുത്തതുപോലെ എന്ന ചൊല്ല് ഇക്കാര്യത്തിൽ അന്വർത്ഥമായിരിക്കയാണ്. എങ്ങനെ ഈ പ്രശ്നത്തിൽ നിന്ന് തലയൂരും എന്നറിയാതെ കുഴയുകയാണ് പാവം എ.കെ. ആന്റണി. ഫീസ് കുറച്ചാൽ മാനേജ്മെന്റുകൾ ബഹളമുണ്ടാക്കും. ഫീസ് കൂട്ടിയാൽ വിദ്യാർഥികൾ വിടില്ല.

നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ കാര്യത്തിൽ സർക്കാർ മാത്രമല്ല പ്രതിപക്ഷവും പുലിവാലു പിടിച്ചിരിക്കയാണ്. റിപ്പോർട്ട് നടപ്പിലാക്കണം എന്നു പറഞ്ഞാൽ മുന്നോക്ക സമുദായങ്ങൾ പിണങ്ങും. റിപ്പോർട്ട് തള്ളിക്കളയണം എന്നു പറഞ്ഞാൽ ന്യൂനപക്ഷം പിണങ്ങും. ഏതു പക്ഷം പിടിക്കും? ഒരു പക്ഷവും പിടിക്കയില്ല എന്നു പറയാനും പറ്റില്ല. അതുകൊണ്ട് റിപ്പോർട്ട് പഠിച്ചുകൊണ്ടിരിക്കയാണ്, നിലപാട് എടുത്തിട്ടില്ല, എന്നൊക്കെ പറഞ്ഞാണ് പ്രതിപക്ഷം തടിതപ്പുന്നത്. അവർക്ക് അങ്ങനെ അനന്തമായി പഠിച്ചുകൊണ്ടിരിക്കാൻ കഴിയും. പക്ഷേ, കോൺഗ്രസ്സിന് വ്യക്തമായ ഒരു നിലപാട് എടുക്കാതെ പറ്റില്ല. കാരണം ലീഗ് തന്നെ. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കിക്കിട്ടാൻ വേണ്ടി ഭരണം ഉപേക്ഷിക്കാൻ പോലും തയ്യാറാണെന്ന് ലീഗ് പ്രഖ്യാപിച്ചു കഴിഞ്ഞു. എന്നാൽ ഇറങ്ങി പോ എന്ന് പറയാനുള്ള ചങ്കൂറ്റം ആന്റണിക്കില്ലതാനും.

ആർക്കു ബാധ കയറിയാലും കോഴിയുടെ തലയാണ് പോകുന്നത് എന്നു പറഞ്ഞതുപോലെ ഏതു സമരമുണ്ടായാലും കെ.എസ്.ആർ.റ്റി.സി. ബസ്സിനാണ് ഏറു കിട്ടുന്നത് എന്ന് പൊതുവെ പറയാറുണ്ട്. (സകല പ്രശ്നങ്ങൾക്കും കാരണം കെ.എസ്.ആർ.റ്റി.സി. ആണെന്നു തോന്നും ഏറു കണ്ടാൽ). പക്ഷേ, ഇത്തവണത്തെ സമരത്തേക്കുറിച്ച് അങ്ങനെ പറയാൻ പറ്റില്ല. കാരണം ഏറു കിട്ടിയത് കെ.എസ്.ആർ.റ്റി.സിക്ക് മാത്രമല്ല. സർക്കാർ വാഹനങ്ങളും സ്വകാര്യ വാഹനങ്ങളും തകർന്നു. ബാങ്കുകളേയും വെറുതെ വിട്ടില്ല. സോഷ്യലിസം സമരത്തിലെങ്കിലും നടപ്പിലാകുന്നു എന്നത് സന്തോഷകരം തന്നെ.

ഉടൻ തന്നെ ഒരു മന്ത്രിസഭാ പുന:സംഘടന ഉണ്ടാകാൻ പോകുന്നു എന്ന് കേൾക്കുന്നു. നല്ലത്. പക്ഷേ, ആരെയൊക്കെ സംഘടിപ്പിക്കും എന്ന് ഒരു പിടിയും കിട്ടുന്നില്ല. വിവിധ കേരളാ കോൺഗ്രസ്സുകൾ മന്ത്രിമാരെ മാറ്റുന്ന മട്ടില്ല. ഗൗരിയമ്മയും എം.വി.രാഘവനും മാറില്ലെന്നുറപ്പ്. പിന്നെ ആരാണ് മാറുക. ലീഗിന്റെ കൈവശമുള്ള ഒരു വകുപ്പും വിട്ടുകൊടുക്കില്ലെന്ന് പ്രഖ്യാപനം വന്നുകഴിഞ്ഞു. ഒരുപക്ഷേ ചില മന്ത്രിമാരെ മാറ്റിയേക്കാം. നമ്മുടെ സൂപ്പി മന്ത്രിയെ ഒന്നു മാറ്റിയാൽ വിദ്യാർത്ഥികളെങ്കിലും രക്ഷപ്പെടും.

മാറ്റം ഉണ്ടാകുക കോൺഗ്രസ്സിലാണ്. മുഖ്യമന്ത്രി മാറുമോ? മാറിയാൽ നന്ന്. പക്ഷേ, നല്ലതൊന്നും ചെയ്യില്ല എന്ന പിടിവാശിയിലാണല്ലോ കോൺഗ്രസ്സ്. അതുകൊണ്ട് മുഖ്യമന്ത്രിയെ മാറ്റാൻ ഇടയില്ല. പിന്നെ ആരൊക്കെ മാറും? ബാക്കിയുള്ള എല്ലാ മന്ത്രിമാരേയും മാറ്റും എന്നാണ് കേൾക്കുന്നത്. അതിനുള്ള ധൈര്യം കോൺഗ്രസ്സിനുണ്ടോ? കണ്ടറിയണം.

ആരൊക്കെയാണാവോ പുതിയ മന്ത്രിമാർ? ഗ്രൂപ്പ് അടിസ്ഥാനത്തിലായിരിക്കുമോ അവരെ തിരഞ്ഞെടുക്കുക? ഐ ഗ്രൂപ്പിന് എത്ര മന്ത്രിമാരെ കിട്ടും? രണ്ടോ അതോ മൂന്നോ. അതോ ഉള്ളതുംകൂടി നഷ്ടമാകുമോ? ആരാകും മന്ത്രിമാരെ തിരഞ്ഞെടുക്കുക? മുഖ്യമന്ത്രിക്ക് അതിനുള്ള സ്വാതന്ത്ര്യം നൽകുമോ? അതോ പഴയപടി ഗ്രൂപ്പ് നേതാക്കൻമാർ പറയുന്ന പേരുകൾ അതേപടി അംഗീകരിക്കയാകുമോ ചെയ്യുക? കെ.പി.സി.സി. പുന:സംഘടനയുടെ കാര്യത്തിലെന്നപോലെ ഗ്രൂപ്പിനതീതമായി ഈ വിഷയം കൈകാര്യം ചെയ്യാൻ കോൺഗ്രസ്സ് ഹൈക്കമാന്റിന് കഴിഞ്ഞാൽ നന്ന്. പക്ഷേ, അതുണ്ടാകുമോ എന്ന് കാത്തിരുന്ന് കാണേണ്ടിയിരിക്കുന്നു.

# വൈവാഹികം MATRIMONIAL


## വധുവിനെ ആവശ്യമുണ്ട്

യാക്കോബായ യുവാവ്, 28 വയസ്സ്, 168 സെ.മീ. ഉയരം, ഇരുനിറം, ബിസിനസ്സ്, അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
മൊബൈൽ: 9447396201

യാക്കോബായ യുവാവ്, 25 വയസ്സ്, 5 അടി 4 ഇഞ്ച് ഉയരം, വെളുത്ത നിറം, കെ.എസ്.ആർ.റ്റി.സി. ബസ് കണ്ടക്ടർ, ഇടത്തരം സാമ്പത്തികം, അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 2648704

യാക്കോബായ യുവാവ്, 29 വയസ്സ്, 5 അടി 6 ഇഞ്ച്, വെളുത്ത നിറം, ബിസിനസ്സ് ചെയ്യുന്നു, അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 2595471

യാക്കോബായ യുവാവ്, 28 വയസ്സ്, 165 സെ.മി. ഉയരം, ബി.കോം., ബിസിനസ്സ് ചെയ്യുന്നു, അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
Ph: 9847045666

## വധുവിനെ ആവശ്യമുണ്ട്

യാക്കോബായ യുവാവ്, 24 വയസ്സ്, 5 അടി 6 ഇഞ്ച് ഉയരം, എസ്.എസ്.എൽ.സി., സ്വന്തം ഓട്ടോ ഓടിക്കുന്നു, അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 0484-2767780

യാക്കോബായ യുവാവ്, 30 വയസ്സ്, 5 അടി 9 ഇഞ്ച് ഉയരം, ഐ.റ്റി.ഐ. ഇലക്ട്രോണിക്സ്, റ്റി.വി. സർവ്വീസിംഗ് നടത്തുന്നു, അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 0484-2590492

സിറിയൻ കത്തോലിക്ക യുവാവ്, 26 വയസ്സ്, 5 അടി 7 ഇഞ്ച് ഉയരം, ഇരുനിറം, ഐ.റ്റി.ഐ. ഇലക്ട്രോണിക്സ്, ഇടത്തരം സാമ്പത്തികം, അറിയപ്പെടുന്ന ഒരു ലിമിറ്റഡ് കമ്പനിയിൽ ജോലി ചെയ്യുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
Ph: 0484-2558418, 3579879

## വരനെ ആവശ്യമുണ്ട്

യാക്കോബായ യുവതി, എം.എ., ബി.എഡ്., 23 വയസ്സ്, 5 അടി 3 ഇഞ്ച്, ഇരുനിറം, അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 0484-2590198

ചേരമർ പെന്തക്കോസ്ത് യുവതി, 35 വയസ്സ്, 5 അടി 3 ഇഞ്ച്, ഇരുനിറം, നെഴ്സിംഗ് ഡിപ്ലോമ പഠിച്ചിട്ടുണ്ട്, സ്വദേശത്തോ വിദേശത്തോ ജോലിയുള്ളവരോ ശുശ്രൂഷകരോ ആയ യുവാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ: 044-26381703

യാക്കോബായ യുവതി, 24 വയസ്സ്, 5’3", വെളുത്ത നിറം, എം.എ., ബി. എഡ്., എയ്ഡഡ് സ്ക്കൂൾ അദ്ധ്യാപിക (മാതാപിതാക്കൾ റിട്ടയേർഡ് ഗവൺമെന്റ് ഉദ്യോഗസ്ഥൻ) ദത്ത് നിൽക്കണം ജോലിയുള്ള യുവാക്കളുടെ രക്ഷിതാക്കളിൽ നിന്നും വിവാഹാ ലോചന ക്ഷണിക്കുന്നു.
ഫോൺ: 0484-3098576

# ഭവനപ്രതിഷ്ഠം: അച്ചൻകുഞ്ഞ് വഹ

അല്പം വളച്ചു കെട്ടാതെ പറയാൻ വയ്യാത്ത കാര്യമാണ് പറയാൻ പോകുന്നത്. അതുകൊണ്ട് ഒരു കഥയോടെ തുടങ്ങാം.

ഒരു പള്ളിയിൽ ഗീവർഗീസ് പുണ്യാളന്റെ പ്രതിമയുണ്ടായിരുന്നു. ഒരു ദിവസം ഒരു വല്ല്യമ്മ പുണ്യാളനെ വണങ്ങാൻ എത്തി. ആദ്യം പുണ്യാളന്റെ കാലിൽ തൊട്ട് വണങ്ങി. അതു കഴിഞ്ഞ് പാമ്പിനേയും കുതിരയേയും തൊട്ടു വണങ്ങി. കണ്ടുനിന്ന ഒരാൾക്ക് സംശയം. എന്തിനാണ് കുതിരയേയും പാമ്പിനേയും വണങ്ങിയത്? വല്ല്യമ്മയോടുതന്നെ വിശദീകരണം ചോദിച്ചു. വല്ല്യമ്മ മറുപടിയും പറഞ്ഞു: ഇതിൽ ആരാണ് രക്ഷിക്കുന്നതെന്ന് പറയാൻ പറ്റില്ലല്ലോ.

ഈ വല്ല്യമ്മച്ചിയുടെ മറ്റൊരു പതിപ്പല്ലേ നമ്മുടെ അച്ചൻകുഞ്ഞ് എന്നൊരു സംശയം. അച്ചൻകുഞ്ഞ് എന്നു പറഞ്ഞാൽ സാക്ഷാൽ അച്ചൻകുഞ്ഞ് ഇലന്തൂർ. മരുപ്പച്ച ദ്വൈവാരികയുടെ എഡിറ്റർ. ഐ.പി.സിയുടെ സ്റ്റേറ്റ് കൗൺസിൽ അംഗം. കൂടാതെ, പലതുമാണ്. ഈ മാന്യദേഹം അടുത്ത കാലത്ത് ഒരു വീടുവെച്ചു. അതിൽ തെറ്റൊന്നുമില്ല. കാരണം, നേരായ വഴിയിലൂടെ ലഭിച്ച പണം കൊണ്ടാണ് വീടുവെച്ചത്.

വീട്ടിൽ താമസം തുടങ്ങുന്നതിന് എല്ലാ മതങ്ങളിലും ചില നടപടിക്രമങ്ങളൊക്കെയുണ്ട്. ഹിന്ദുക്കൾ വാസ്തുപുരുഷന് ബലി അർപ്പിക്കും. ക്രിസ്ത്യൻ സമുദായക്കാർ വീട് കൂദാശ ചെയ്യും. പെന്തക്കോസ്തുകാർ ഭവനപ്രതിഷ്ഠ എന്ന പേരിൽ ഒരു ചടങ്ങ് നടത്തും. (എവിടെനിന്ന് കിട്ടിയതാണാവോ ഇതൊക്കെ).

വീട്ടിൽ കയറി താമസിക്കുന്നതിനു മുൻപായി എന്തെങ്കിലും ഒക്കെ നടത്തണമെന്ന് അച്ചൻകുഞ്ഞും തീരുമാനിച്ചു. എന്താണ് ചെയ്യുക. വാസ്തുവിന് ബലി കൊടുക്കുന്ന പരിപാടി നസ്രാണികൾക്ക് ചേർന്നതല്ല. അതുകൊണ്ട് അത് വേണ്ടെന്നു വെച്ചു. സംഗതി ക്രൈസ്തവമാക്കാനും തീരുമാനിച്ചു.

പെന്തക്കോസ്തുകാരുടെ ഭവനപ്രതിഷ്ഠ മാത്രം നടത്തിയാൽ ഉശിരു പോരാ. അല്പം കൂടി ചുണയുള്ളത് എന്തെങ്കിലും കൂടി വേണം. അതിനെന്താണ് വഴി? വളരെ ആലോചിച്ച് ഒരു പോംവഴി കണ്ടുപിടിച്ചു.

പെന്തക്കോസ്തിൽ വരുന്നതിനു മുൻപ് അച്ചൻകുഞ്ഞ് മാർത്തോമ്മാക്കാരനായിരുന്നു. അവിടെ അല്പം പുകയും മണവുമൊക്കെയുണ്ട്. എന്തെങ്കിലും നടന്നു എന്ന ഒരു തോന്നലുണ്ടാക്കാൻ അത് ഉപകരിക്കും. പിന്നെ ഒട്ടും താമസിച്ചില്ല. അച്ചൻകുഞ്ഞ് തന്റെ ബന്ധുവായ ഒരു മാർത്തോമ്മാക്കാരനെ രാവിലെതന്നെ വിളിച്ചു വരുത്തി ധൂപക്കുറ്റി വീശിച്ചു. ഉച്ച കഴിഞ്ഞ് സാക്ഷാൽ റ്റി.എസ്.ഏബ്രഹാമിനെ വിളിച്ച് ഭവനപ്രതിഷ്ഠയും നടത്തി. ഇനി അല്പം എരുമച്ചാണകം കൂടി തളിച്ചാൽ വീട് ശുദ്ധമാകും.

# മരുമകന് വണ്ടികിട്ടി

ഒരു വല്യ അപ്പത്തോലന്റെ മകൾക്കും ഭർത്താവിനും ഒരു വണ്ടി കിട്ടാൻ മോഹം. അവർ ആദിവാസികളുടെ ഇടയിലാണ് പ്രവർത്തനം നടത്തുന്നത്. അവിടെ പോകാനും വരാനും മറ്റും ഒരു വണ്ടിയുള്ളത് എന്തുകൊണ്ടും നല്ലതാണല്ലോ. മാത്രമല്ല ഉലകം മുഴുവൻ അറിയപ്പെടുന്ന അപ്പത്തോലന്റെ മകളും മരുമകനും വണ്ടിയില്ല എന്നു പറയുന്നത് മഹാ കുറച്ചിലുമാണല്ലോ.

അങ്ങനെ അവർ ഒരു വാഹനത്തിനായി പ്രാർത്ഥിക്കാൻ ആരംഭിച്ചു. സത്യത്തിൽ അത്ര പ്രാർത്ഥിക്കേണ്ട ആവശ്യമൊന്നുമില്ല. അമ്മായിയപ്പന് പണമുണ്ടെങ്കിൽ സംബന്ധം പരമാനന്ദം എന്നാണല്ലോ ഒരു അനുഭവസ്ഥൻ പാടിയിട്ടുള്ളത്. ഈ മരുമകനും പരമാനന്ദമായ ദാമ്പത്യം ലഭിക്കാൻ ബുദ്ധിമുട്ടില്ല. കാരണം, ഭാരത സുവിശേഷീകരണത്തിന്റെയും ചാനലിന്റേയും ഒക്കെ പേരു പറഞ്ഞ് അമ്മായിയപ്പൻ വേണ്ടതിൽ അധികം പണം സ്വരൂപിച്ചിട്ടുണ്ട്. ആ പണം ഉപയോഗിച്ച് വെറും വണ്ടിയല്ല ടൂറിസ്റ്റ് ബസ് വേണമെങ്കിലും വാങ്ങാം. പക്ഷേ, പ്രാർത്ഥിച്ച് ലഭിച്ചു എന്നൊക്കെ പറയുന്നത് ഒരു ഫാഷനാണല്ലോ. അതുകൊണ്ട് മകളും മരുമകനും കൂടി ഉശിരൻ പ്രാർത്ഥന നടത്തി. പ്രാർത്ഥന കുറെ നീണ്ടപ്പോൾ അമ്മായിയപ്പന്റെ മനസ്സലിഞ്ഞു. അങ്ങനെ മരുമകന് വണ്ടി കിട്ടി.

വണ്ടി എന്നു പറഞ്ഞാൽ അതൊരു വണ്ടിതന്നെയാണ്. കൊട്ടാരം പോലെയുണ്ട്. അനങ്ങാതെ, കുലുങ്ങാതെ യാത്ര ചെയ്യാം. എ.സിയുള്ളതുകൊണ്ട് ചൂടിന്റെ പ്രശ്നവുമില്ല. നിരന്തരം എ.സിയിൽ ജീവിക്കുന്ന ആദിവാസികളുടെ ഇടയിൽ സുവിശേഷപ്രവർത്തനം നടത്തുന്നവർക്ക് എ.സിയില്ലാത്ത വണ്ടിയേക്കുറിച്ച് ചിന്തിക്കാൻ പോലും പറ്റില്ലല്ലോ.

പ്രാർത്ഥിച്ച് വണ്ടി കിട്ടിയ സംഭവം നീട്ടിപ്പരത്തി സാക്ഷ്യം പറഞ്ഞുകൊണ്ട് നടക്കുകയാണ് മരുമകനിപ്പോൾ. വണ്ടിയില്ലാത്ത കാലത്ത് അനുഭവിക്കേണ്ടിവന്ന കഷ്ടതയും നിന്ദയും പരിഹാസവും മറ്റും എണ്ണിയെണ്ണി പറയുന്നുമുണ്ട്.

## ഡിഫെൻഡർ സൗജന്യമായി ലഭിക്കയില്ല

ഡിഫെൻഡർ സൗജന്യമായി ലഭിക്കുമെന്ന ധാരണയിൽ നിരവധി ആളുകൾ കത്തയക്കാറുണ്ട്. ഇത്തരം കത്തുകൾക്ക് ഡിഫെൻഡർ ഓഫീസിൽ നിന്ന് മറുപടിപോലും ലഭിക്കയില്ല എന്ന് അറിയിക്കട്ടെ. മാസത്തിൽ ഒരിക്കൽ നാലു പേജ് പ്രസിദ്ധീകരിച്ചിരുന്ന കാലത്ത് ഡിഫെൻഡർ തികച്ചും സൗജന്യമായി നൽകുവാൻ കഴിയുമായിരുന്നു. എന്നാൽ ഇപ്പോൾ അതല്ല സ്ഥിതി. അതുകൊണ്ട് ഡിഫെൻഡർ ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ 100 രൂപ വാർഷിക വരിസംഖ്യ നൽകേണ്ടതാണ്. വരിസംഖ്യ മണിയോർഡറായി അയയ്ക്കുക. വിലാസം രണ്ടാം പേജിൽ.

# പെന്തക്കോസ്ത് ചരിത്രം: പിൻതുണ ഏറുന്നു

റ്റി.എസ്.ബാലൻ പെന്തക്കോസ്ത് ചരിത്രം എഴുതുന്നു എന്ന വാർത്ത കഴിഞ്ഞലക്കം ഡിഫെൻഡറിലൂടെ അറിഞ്ഞ നിരവധി ആളുകൾ ഡിഫെൻഡർ ഓഫീസിൽ വിളിച്ച് പിൻതുണ അറിയിക്കയുണ്ടായി. കത്തിലൂടെ പിൻതുണ വാഗ്ദാനം ചെയ്തവരുമുണ്ട്. ഇത്രത്തോളം നല്ല പ്രതികരണം ഞങ്ങൾ പ്രതീക്ഷിച്ചിരുന്നില്ല.

സത്യത്തെ സ്നേഹിക്കുന്നവർ പെന്തക്കോസ്തിൽ ഉണ്ട് എന്നു കാണുന്നതിൽ സന്തോഷമുണ്ട്. കേരളത്തിലെ പെന്തക്കോസ്ത് പ്രസ്ഥാനത്തിന്റെ യഥാർത്ഥ ചരിത്രം പുറത്തു വരണം എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നവർ നിരവധിയുണ്ട്. അങ്ങനെയുള്ളവർക്ക് സന്തോഷം പകരുന്നതാണ് ഈ വാർത്ത.

ഏതു തരത്തിലുള്ള ചരിത്രമാണ് റ്റി.എസ്.ബാലൻ എഴുതുന്നത് എന്ന് ആകാംഷയോടെയും ഒട്ടൊക്കെ ഭയത്തോടെയും ചോദിക്കുന്നവരുണ്ട്. അതുകൊണ്ട് വിശദീകരിക്കാം.

തികച്ചും സത്യസന്ധമായ ചരിത്രമാകും എഴുതുക എന്ന് പ്രാരംഭത്തിൽ തന്നെ ഉറപ്പാക്കിക്കൊള്ളുക. ആരേയും അവഹേളിക്കാൻ ഉദ്ദേശ്യമില്ല. ആരേയും വെള്ളപൂശി വിശുദ്ധനാക്കാനും താല്പര്യമില്ല. നല്ലവരെ നല്ലവരായും കള്ളൻമാരെ കള്ളൻമാരായും വരുംതലമുറ അറിയണം. അതിനുള്ള ഒരു ശ്രമമായിരിക്കും ഈ പുസ്തകത്തിൽ ഉള്ളത്. അബദ്ധങ്ങൾ പറ്റാതിരിക്കാൻ പരമാവധി ശ്രമിക്കും.

വിവാദവിഷയങ്ങൾ ഒഴിവാക്കുകയില്ല. വിവാദങ്ങൾക്കു പിന്നിലുള്ള സത്യം കണ്ടെത്താൻ ആത്മാർത്ഥമായ ശ്രമം നടത്തും. ഉദാഹരണത്തിന്, ഐ.പി.സി. എന്നാണ് സ്ഥാപിക്കപ്പെട്ടത്. എന്നതിനെ സംബന്ധിച്ച് വിശദമായ പഠനം നടത്തും. കെ.ഇ.ഏബ്രഹാമാണോ ഐ.പി.സി. സ്ഥാപിച്ചത് എന്നും പരിശോധിക്കും.

കെ.സി.ചെറിയാൻ എങ്ങനെ ഐ.പി.സിയിൽ നിന്നും പുറത്തായി എന്ന് വരുംതലമുറ അറിയേണ്ടത് ആവശ്യമാണ്. ഉപദേശത്തിലും ജീവിതത്തിലും സഭാനേതാക്കൻമാർക്കുണ്ടായ ജയപരാജയങ്ങളും ഒളിച്ചു വെയ്ക്കാൻ ഭാവമില്ല.

കേരളത്തിലെ പ്രധാന പെന്തക്കോസ്ത് സംഘടനകളുടെ ഉത്ഭവം, വളർച്ച തുടങ്ങിയവയേക്കുറിച്ച് വിവരിക്കും. പക്ഷേ ദൈവസഭകൾ എന്ന നിലയ്ക്കല്ല മനുഷ്യനിർമ്മിതമായ സംഘടനകൾ എന്ന നിലയിലാകും ഇവയേപ്പറ്റി എഴുതുക. ദൈവമക്കളെ ഭിന്നിപ്പിക്കയും തമ്മിൽ അടിപ്പിക്കയും ചെയ്യുന്നതിൽ ഈ സംഘടനകൾ വഹിച്ച പങ്കും പഠനവിധേയമാകും. സ്വതന്ത്രമായി നിൽക്കേണ്ട പ്രാദേശിക സഭകളെ വചനവിരുദ്ധമായി സംഘടിപ്പിച്ച് ഭിന്നതയുണ്ടാക്കിയവരെ വരും തലമുറ തിരിച്ചറിയണമല്ലോ.

സെന്റർ പാസ്റ്റർ എന്ന അത്ഭുത ജീവി പെന്തക്കോസ്തിൽ എങ്ങനെയുണ്ടായി എന്ന് കണ്ടുപിടിക്കാൻ കുറച്ചധികം ഗവേഷണം നടത്തേണ്ടതായി വരും. ഈ ഭൂമിമലയാളത്തിലല്ലാതെ മറ്റെവിടെയെങ്കിലും ഇത്തരത്തിലൊരു വിചിത്ര ജീവിയെ കണ്ടെത്താൻ കഴിയുമോ എന്നും പരിശോധിക്കും.

പരമ വിശുദ്ധൻമാരും പുണ്യാളൻമാരും ഒക്കെയായി വാഴ്ത്തപ്പെടുത്ത നിരവധി നീചൻമാർ പെന്തക്കോസ്തിൽ ഉണ്ട്. ഇവരുടെ തനിനിറം തുറന്നു കാണിക്കേണ്ടത് തികച്ചും ആവശ്യമാണ്. അതുകൊണ്ട് ഇത്തരത്തിലുള്ള പുണ്യപുരുഷൻമാർ ഒളിച്ചുവെയ്ക്കാൻ ശ്രമിച്ചത് ഈ ഗ്രന്ഥത്തിലൂടെ മാലോകർ അറിയും. നിരവധി വിഗ്രഹങ്ങൾ വീണുടയും. ഊരും പേരും തിരിയാത്ത വിധത്തിലുള്ള വളച്ചുകെട്ട് പരമാവധി ഒഴിവാക്കും. പേരുപറഞ്ഞ് എഴുതേണ്ടതെല്ലാം പേരു പറഞ്ഞുതന്നെ എഴുതും.

പെന്തക്കോസ്ത് സഭകളിൽ കടന്നുകയറിയ ദുർന്നടപ്പിനേക്കുറിച്ച് പരാമർശിക്കാൻ ഒരു ചരിത്രകാരനും നാളിതുവരെ ധൈര്യപ്പെട്ടതായി അറിവില്ല. പക്ഷേ, അത്തരം വിഷയങ്ങളും റ്റി.എസ്.ബാലൻ എഴുതുന്ന പെന്തക്കോസ്ത് ചരിത്രത്തിൽ ഉണ്ടാകും. മകളെ ഭാര്യയാക്കിയവനും മരുമകളെ ഭാര്യയാക്കിയവനും മറ്റും ഭാവിയിൽ വിശുദ്ധനായി വാഴ്ത്തപ്പെടുന്നത് ഒഴിവാക്കാൻ വേണ്ടതെല്ലാം ചെയ്യും. മസിൽ കയറ്റവും കുളത്തൂപ്പുഴ സംഭവവും ഇന്റർനെറ്റ് കേസ്സും മറ്റും പെന്തക്കോസ്ത് ചരിത്രത്തിന്റെ ഭാഗമാണ്.

പെന്തക്കോസ്ത് പ്രസിദ്ധീകരണങ്ങളേക്കുറിച്ചും പരാമർശമുണ്ടാകും. ഈ പത്രങ്ങൾ സഭയ്ക്കു ചെയ്ത ഗുണവും ദോഷവും വിലയിരുത്തും. പത്രപ്രവർത്തന രംഗത്തുണ്ടായ മൂല്യച്യുതിയും പഠനവിധേയമാക്കും.

ചരിത്ര ഗ്രന്ഥങ്ങൾ എങ്ങനെയാണ് എഴുതേണ്ടതെന്ന് പരിശുദ്ധാത്മാവുതന്നെ തിരുവചനത്തിലൂടെ കാണിച്ചു തന്നിട്ടുള്ളതിനാൽ കൺഫ്യൂഷനൊന്നും കൂടാതെ ചരിത്ര രചന നടത്താൻ ബുദ്ധിമുട്ടുണ്ടാകയില്ല.

# ഡിഫെൻഡറിന് പ്രതിനിധികളില്ല

ഡിഫെൻഡറിന്റെ പ്രതിനിധികളാണെന്ന് അവകാശപ്പെട്ടുകൊണ്ട് ചിലർ പല സ്ഥലങ്ങളിലും എത്തുന്നതായി അറിയുന്നു. അതുകൊണ്ട് പറയട്ടെ: ഡിഫെൻഡറിന് പ്രതിനിധികളില്ല. ഔദ്യോഗിക റിപ്പോർട്ടർമാരുമില്ല. ഡിഫെൻഡറിനുവേണ്ടി സംസാരിക്കാനോ വാർത്തകൾ ശേഖരിക്കാനോ ആരേയും ചുമതലപ്പെടുത്തിയിട്ടുമില്ല.

ഡിഫെൻഡറിൽ വാർത്ത പ്രസിദ്ധീകരിക്കും എന്നു പറഞ്ഞ് ഭീഷണിപ്പെടുത്തുന്നവരെ സൂക്ഷിക്കുക. അത് നടപ്പില്ലാത്ത കാര്യമാണ്. ഡിഫെൻഡറിൽ എന്തെഴുതണം എന്നു തീരുമാനിക്കുന്നത് ഡിഫെൻഡറിന്റെ എഡിറ്ററാണ്. ആരെങ്കിലും എഴുതിവിടുന്നതെല്ലാം ഒരു അന്വേഷണവും നടത്താതെ പ്രസിദ്ധീകരിക്കുന്ന പരിപാടി ഡിഫെൻഡറിനില്ല. നിരപരാധികളെ ഡിഫെൻഡർ ഒരിക്കലും അവഹേളിക്കയില്ല. പെന്തക്കോസ്തിലെ കള്ളൻമാർ മാത്രമേ ഡിഫെൻഡറിനെ പേടിക്കേണ്ടതുള്ളു.

ടി.എസ്.ബാലന്റെ ഉറ്റ ചങ്ങാതിയാണെന്നും താൻ എഴുതിക്കൊടുത്താൽ റ്റി.എസ്.ബാലൻ ഡിഫെൻഡറിൽ പ്രസിദ്ധീകരിക്കുമെന്നും മറ്റും അവകാശപ്പെടുന്ന ആരെങ്കിലും നിങ്ങളെ സമീപിച്ചാൽ ഡിഫെൻഡർ ഓഫീസിൽ വിവരം അറിയിക്കുക. ഒരു പരിധിയിൽ കവിഞ്ഞ സ്നേഹബന്ധം റ്റി.എസ്.ബാലന് ആരോടും ഇല്ല. അതുകൊണ്ട് റ്റി.എസ്. ബാലന് ഉറ്റ ചങ്ങാതിയുമില്ല. ഏതു ചങ്ങാതി പറഞ്ഞാലും നിരപരാധികൾക്കെതിരെ ഡിഫെൻഡർ എഴുതുകയുമില്ല.

റ്റി.എസ്.ബാലന്റെ സഹപാഠിയാണെന്ന് അവകാശപ്പെട്ട് ഒരാൾ ചെങ്ങന്നൂരിലും പരിസര പ്രദേശങ്ങളിലും വിലസിയിരുന്നു. ഇയാളേപ്പറ്റി ഒരിക്കൽ ഡിഫെൻഡർ ഓഫീസിൽ വിവരം ലഭിച്ചു. ഉടൻതന്നെ ഇയാൾക്കെതിരെ ഞങ്ങൾ നടപടി സ്വീകരിച്ചു. തട്ടിപ്പുകേസ്സിൽ ഇയാൾ പിന്നീട് പോലീസ് പിടിയിലുമായി. റ്റി.എസ്. ബാലനെ ഇയാൾ കണ്ടിട്ടുപോലുമില്ല എന്ന് അന്വേഷണത്തിൽ വ്യക്തമായി.

ഡിഫെൻഡറിന്റെ പ്രതിനിധിയാണെന്ന അവകാശവാദവുമായി ജോൺസൺ എന്നൊരാൾ ബീഹാറിൽ എത്തിയതായി കഴിഞ്ഞ ദിവസം അറിഞ്ഞു. ഇയാളെ കണ്ടുമുട്ടുന്നവർ ഉടൻതന്നെ ഡിഫെൻഡർ ഓഫീസിൽ വിവരം അറിയിക്കണം. ഫോൺ: 0484-2592249.


## ജോലിക്കാരെ ആവശ്യമുണ്ട്

സെക്യൂരിറ്റി ഗാർഡ്, ഹോം നേഴ്സ്-വീട്ടുജോലിക്കാർ, സെയിൽസ് ഗേൾ, കമ്പനി ജോലിക്കാർ തുടങ്ങി എല്ലാവിധ വിദഗ്ദ്ധ-അവിദഗ്ദ്ധ ജോലിക്കാരേയും ലഭ്യമാക്കുന്നു.

N.B. ജോലിക്ക് താല്പര്യമുള്ളവരും ബന്ധപ്പെടുക.
റബ്ബർ ഷീറ്റ് കൈമാറ്റം ചെയ്യുന്നതിനും ബന്ധപ്പെടുക.

**RUBBER LINE**
Rubber Broker & Commission Agent
Starwing Services, KSRTC Road, Perumbavoor.
Ph: 0484-3945740 (O), 2658283 (R), Mob: 9447225797

# ദുർന്നടപ്പിനു ലൈസൻസോ?

പെന്തക്കോസ്ത് സഭകളുടെ സ്ഥിതി അനുദിനം വഷളായിക്കൊണ്ടിരിക്കയാണ്. സഭകളിൽ കൊടികുത്തി വാഴുന്ന ദുർന്നടപ്പാണ് ഏറ്റവും ഗുരുതരമായ പ്രശ്നം. അത്ര എളുപ്പമൊന്നും ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാകുമെന്നും തോന്നുന്നില്ല.

കേരളത്തിലെ മറ്റൊരു ക്രൈസ്തവ സംഘടനയിലും ദുർന്നടപ്പ് ഇത്രത്തോളം ഗുരുതരമാണെന്ന് തോന്നുന്നില്ല. പുരോഹിതരുടെ ബ്രഹ്മചര്യം നിർബ്ബന്ധമാക്കിയിരിക്കുന്ന കത്തോലിക്കാ സഭയിലാണ് ഏറ്റവും അധികെ ദുർന്നടപ്പ് ഉണ്ടാകേണ്ടത്. പക്ഷേ, അങ്ങനെ സംഭവിക്കുന്നില്ല. പെന്തക്കോസ്ത് പ്രസ്ഥാനത്തോട് വളരെ അടുത്ത ബന്ധമുള്ള ബ്രദറൺ സഭയിൽ പോലും വളരെ അപൂർവ്വമായേ ദുർന്നടപ്പ് ഉണ്ടാകുന്നുള്ളൂ. പക്ഷേ, പെന്തക്കോസ്തിലെ സ്ഥിതി അത്യന്തം ഗുരുതരമാണ്.

അര നൂറ്റാണ്ടെങ്കിലും പഴക്കമുണ്ട് ഈ ദുരവസ്ഥയ്ക്ക്. മുളയിലെ നുള്ളിയിരുന്നെങ്കിൽ ഇത്ര വലിയൊരു വടവൃക്ഷമായി ഈ പാപം വളരുമായിരുന്നില്ല. കേരളത്തിലെ പെന്തക്കോസ്തിന്റെ അദ്ധ്യപിതാക്കൻമാരിൽ ഒരാളായി പരിഗണിക്കപ്പെടുന്ന ഒരാൾക്കെതിരെ പണ്ട് ഗുരുതരമായ ഒരു ലൈംഗികാരോപണമുണ്ടായി. സ്വന്തം മകന്റെ ഭാര്യയുമായി ഇദ്ദേഹത്തിന് അവിഹിത ബന്ധമുണ്ട് എന്നായിരുന്നു കേസ്സ്. സംഭവം സഭാകൗൺസിലിൽ ചർച്ചയ്ക്കു വന്നു. പ്രതി കുറ്റം നിഷേധിക്കാനൊന്നും മിനക്കെട്ടില്ല. ഒരു മറുചോദ്യംകൊണ്ട് അദ്ദേഹം കൗൺസിൽ അംഗങ്ങളെ നിശബ്ദരാക്കി. "ഈ വിഷയത്തിൽ എന്നെ വിചാരണ ചെയ്യാൻ ധാർമ്മികമായി അവകാശമുള്ള എത്രപേർ ഇവിടെയുണ്ട്?" അദ്ദേഹം ചോദിച്ചു. കൗൺസിൽ അംഗങ്ങൾ ഓരോരുത്തരായി തല താഴ്ത്തി. എല്ലാവരും ഒന്നിനൊന്ന് മെച്ചമായിരുന്നു എന്നു ചുരുക്കം. ഇതിലും ഗുരുതരമാണ് ഇന്നത്തെ സ്ഥിതി എന്നു മാത്രം.

അടുത്ത കാലം വരെ ഐ.പി.സിയുടെ സ്റ്റേറ്റ് കൗൺസിൽ സെക്രട്ടറിയായിരുന്നു കെ.സി.ജോൺ. ഏതെങ്കിലും ദുർന്നടപ്പുകാരനെതിരെ നടപടി എടുക്കാനുള്ള ധൈര്യം കെ.സി.ജോണിനുണ്ടാകുമോ? അതുപോലെ സ്റ്റേറ്റ് പ്രസിഡന്റായ കെ.എം. ജോണിന് ദുർന്നടപ്പുകാർക്കെതിരെ വിരൽ ചൂണ്ടാനുള്ള ധൈര്യമുണ്ടാകുമോ? എന്തിനേറെ പറയുന്നു, ഐ.പി.സിയുടെ ജനറൽ പ്രസിഡന്റായ ടി.എസ്.ഏബ്രഹാമിനോ ജനറൽ സെക്രട്ടറിയായ കെ.എം.ജോസഫിനോ ദുർന്നടപ്പിനെതിരെ നാവനക്കാൻ ചങ്കുറ്റമുണ്ടാകുമോ? ഐ.പി.സിയുടെ നേതാക്കൻമാരിൽ എത്രപേർക്ക് ദുർന്നടപ്പിനെതിരെ പ്രതികരിക്കാൻ ധാർമ്മികമായ അവകാശമുണ്ട്? ഏറെപ്പേരില്ലെന്ന് വ്യക്തം.

ശാരോന്റെ കാര്യവും മറിച്ചല്ല. വ്യഭിചാരം തൊഴിലാക്കിയ സി.വി.ജോണിന് ദുർന്നടപ്പിനെ എതിർക്കാൻ കഴിയുമോ? സ്വന്തം മകളേപ്പോലും ഭാര്യയാക്കാൻ ഈ നീചന് മന:സാക്ഷിക്കുത്തുണ്ടായില്ല. ഇയാളെ പേടിച്ച് ശാരോൻ വനിതാ ബൈബിൾ കോളേജ് ശാരോൻ കോമ്പൗണ്ടിനു പുറത്താണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

പരിശുദ്ധനായി ഭാവിച്ചു നടക്കുന്ന ടി.ജി.കോശി ഗർഭച്ഛിദ്രം വരെ നടത്തിയ വ്യക്തിയാണ്. ടി.പി.ഏബ്രഹാമിന്റെ മക്കൾ ചെറു പ്രായത്തിൽ തന്നെ ദുർന്നടപ്പിന് ആരംഭം കുറിച്ചുകഴിഞ്ഞു. ഇവർക്ക് ദുർന്നടപ്പിനെതിരെ പോരാടാൻ എങ്ങനെ ധൈര്യമുണ്ടാകും?

എ.ജിയുടെ നേതൃനിരയിലുള്ള ആരും ദുർന്നടപ്പുകാരല്ല. അതുകൊണ്ട് അപൂർവ്വമായെങ്കിലും ദുർന്നടപ്പുകാർക്കെതിരെ നടപടി എടുക്കാൻ എ.ജിക്ക് കഴിയാറുണ്ട്. പക്ഷേ, സുരേഷ് ബാബു എന്ന ദുർന്നടപ്പു വീരനെതിരെ ചെറുവിരലെങ്കിലും അനക്കാൻ എ.ജിക്ക് കഴിഞ്ഞിട്ടുമില്ല.

ചർച്ച് ഓഫ് ഗോഡിന്റെ സ്ഥിതി പരമ ദയനീയമായിരുന്നു. വേലിതന്നെ വിളവു തിന്നുന്ന സ്ഥിതിയായിരുന്നു അവിടെ ഉണ്ടായിരുന്നത്. എന്നാൽ ദുർന്നടപ്പുകാരനല്ലാത്ത കെ.സി.ജോണിന് ഈയിടെ ചർച്ച് ഓഫ് ഗോഡിൽ ചില ശുദ്ധീകരണങ്ങളൊക്കെ നടത്താൻ കഴിഞ്ഞു. അത്രയും ആശ്വാസം.

സാധാരണ വിശ്വാസികളേക്കാളധികം പാസ്റ്റർമാരാണ് ദുർന്നടപ്പുകാരാകുന്നത്. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്? ആഴമായ ഗവേഷണം നടത്താതെ ഇതിനുള്ള ഉത്തരം കണ്ടെത്താൻ പറ്റില്ല. എങ്കിലും ചില സാദ്ധ്യതകൾ ഇതാ:

1. പെന്തക്കോസ്ത് പാസ്റ്റർമാർക്ക് സ്ത്രീകളുമായി അടുത്ത് ഇടപഴകുവാൻ വളരെ അവസരങ്ങൾ ലഭിക്കുന്നു. ഇത് ദുർന്നടപ്പിലേക്ക് നയിക്കുന്നു.
2. പാസ്റ്റർമാർ ഒറ്റയ്ക്ക് ഭവന സന്ദർശനം നടത്തുന്നത് വളരെയധികം കുഴപ്പങ്ങൾക്ക് കാരണമാകുന്നു. മിക്ക ഭവനങ്ങളിലും പകൽ സമയത്ത് പുരുഷൻമാരും കുട്ടികളും വീട്ടിൽ ഉണ്ടാകില്ല. തനിച്ചിരിക്കുന്ന സ്ത്രീയുമായി പാസ്റ്റർ അവിഹിത ബന്ധം സ്ഥാപിക്കാൻ ഇത് വഴിവെയ്ക്കുന്നു.
3. ദൈവദാസൻ എന്ന പരിഗണനയിൽ സ്ത്രീകൾ പാസ്റ്റർമാരോട് അധികം അടുക്കാൻ ഇടയാകുന്നു. ദുരുദ്ദേശമൊന്നും ഇല്ലാതെ തുടങ്ങുന്ന ഈ അടുപ്പം പിന്നീട് പ്രശ്നത്തിന് കാരണമാകുന്നു.
4. ദൈവദാസൻമാരെ എങ്ങനെയെങ്കിലും പാപത്തിൽ വീഴ്ത്തുക എന്ന ലക്ഷ്യവുമായി കറങ്ങി നടക്കുന്ന ദുരാത്മാക്കൾ സ്ത്രീകളിലൂടെ ലക്ഷ്യം നേടുന്നു. സാത്താൻ ഒരുക്കുന്ന കെണി വിവേചിച്ചറിയാൻ ദൈവദാസൻമാർക്ക് പലപ്പോഴും കഴിയാതെ പോകുന്നു.
5. കർത്താവിനുവേണ്ടി ഏറെ ഓടുകയും അധ്വാനിക്കയും ചെയ്തിട്ടുള്ള ദൈവദാസൻമാർ ചിലപ്പോൾ പിൻമാറിപ്പോയെന്നു വരാം. ഇവർ പിൻമാറ്റത്തിലാണെന്ന് മനസ്സിലാക്കാതെ ഇവരുമായി ഇടപെടുന്ന സ്ത്രീകൾ പാപത്തിൽ പങ്കുകാരാകാൻ ഇടയാകുന്നു.
6. രക്ഷിക്കപ്പെടാത്ത നിരവധി വ്യക്തികൾ പെന്തക്കോസ്ത് സഭകളിലുണ്ട്. അവരിൽ ചിലർ സാധാരണക്കാരായ വിശ്വാസികളും മറ്റു ചിലർ പാസ്റ്റർമാരുമാണ്. ഇത്തരക്കാരെ വിവേചിച്ചറിയാൻ ഭൂരിപക്ഷം വിശ്വാസികൾക്കും കഴിയാറില്ല. ഏതു ഹീന കൃത്യവും ചെയ്യാൻ മടിയില്ലാത്ത ഇക്കൂട്ടർ സഭാ കൗൺസിലുകളിൽ വരെ കടന്നു കയറാനും സംഘടനയെ കൈപ്പിടിയിൽ ഒതുക്കാനും ഇടയുണ്ട്. ഇങ്ങനെയുള്ളവർ ഇപ്പോൾത്തന്നെ എല്ലാ പെന്തക്കോസ്ത് സംഘടനകളുടേയും തലപ്പത്തുണ്ട്. പെന്തക്കോസ്ത് പ്രസ്ഥാനത്തിനും ദൈവമക്കൾക്കും വലിയ ദോഷം ചെയ്തുകൊണ്ടിരിക്കയാണ് ഇത്തരക്കാർ.

# ഡിഫെൻഡർ മറുപടി പറയുന്നു

? ഞാൻ നാല്പതു വർഷമായി ദൈവവേല ചെയ്യുന്നു. നാളിതുവരെ ഒരു സമ്പാദ്യവുമില്ല. ഇപ്പോഴും വാടകവീട്ടിൽ താമസിക്കുന്നു. മൂന്നു പെൺമക്കളുണ്ട്. മൂന്നുപേർക്കും വിവാഹപ്രായം കഴിഞ്ഞു. അവരെ വിവാഹം ചെയ്ത് അയക്കാൻ ഒരു മാർഗ്ഗവും കാണാതെ വലയുന്നു. പക്ഷേ പാപത്തിൽ മുഴുകി ജീവിക്കുന്ന നിരവധി ശുശ്രൂഷകൻമാരും വിശ്വാസികളും വലിയ ധനവാൻമാരായി കഴിയുന്നു. ബംഗ്ലാവും കാറും ഒക്കെയുണ്ട്. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്ന് എത്ര ആലോചിച്ചിട്ടും എനിക്ക് മനസ്സിലാകുന്നില്ല.

■ ഇത് ഒരു പുതിയ കാര്യമല്ല എന്ന് ആദ്യം തന്നെ പറയട്ടെ. സംശയമുണ്ടെങ്കിൽ 73-ാം സങ്കീർത്തനം ശ്രദ്ധിച്ചു വായിക്കുക. ദുഷ്ടൻമാരുടെ സൗഖ്യം കണ്ടിട്ട് ആസാഫിന് അഹങ്കാരികളോട് അസൂയ തോന്നി. അവർക്ക് ഒരു രോഗവുമില്ല. നല്ല ആരോഗ്യം. പുഷ്ടികൊണ്ട് അവരുടെ കണ്ണ് ഉന്തി നിൽക്കുന്നു. അവർ അഹങ്കാരത്തോടെ സംസാരിക്കുന്നു. അങ്ങനെ പലതും ആസാഫ് ശ്രദ്ധിച്ചു. നല്ലവനായി ജീവിച്ചത് തെറ്റായിപ്പോയോ എന്നുപോലും ആസാഫിന് തോന്നി. പക്ഷേ, അവരുടെ അന്തം എന്താകും എന്ന് ചിന്തിച്ചപ്പോഴാണ് ആസാഫിന് കാര്യം പിടികിട്ടിയത്. അവർ നിൽക്കുന്നത് വഴുവഴുപ്പിലാണ്. അവരുടെ ഐശ്വര്യം ക്ഷണഭംഗുരമാണ്. ഈ വിഷയത്തിൽ ഡിഫെൻഡറിന് പറയാനുള്ളതും ഇതുതന്നെ.

രോഗവും ദാരിദ്ര്യവും മറ്റും ശാപത്തിന്റെ ഫലമായി ഉണ്ടാകുന്നതാണെന്ന് സമൃദ്ധിയുടെ സുവിശേഷക്കാർ പറയും. അവർ പറയുന്നത് ശരിയാണെങ്കിൽ ധനവാൻ അനുഗ്രഹിക്കപ്പെട്ടവനും ദരിദ്രൻ ശപിക്കപ്പെട്ടവനുമാണെന്നു വരുന്നു. പക്ഷേ, കർത്താവായ യേശുക്രിസ്തു അതല്ല പറഞ്ഞത്. രോഗം വരുന്നത് ശാപം മൂലമാണെങ്കിൽ യിസ്ഹാക്കിന് അന്ധത ബാധിച്ചത് ശാപമൂലമായിരിക്കണമല്ലോ. വാഗ്ദത്ത സന്തതിയായ യിസ്ഹാക്ക് ശപിക്കപ്പെട്ടവനാണെന്ന് പറയണമെങ്കിൽ അസാധാരണ വിവരക്കേടു വേണം.

സാമ്പത്തികമായ ഉയർച്ച ഉണ്ടാകുന്നത് ദൈവാനുഗ്രഹം മൂലമാണെന്ന് തീർത്തു പറയാനും പറ്റില്ല. ജീവനുള്ള ദൈവത്തെ അറിയാത്ത ലക്ഷക്കണക്കിന് ധനികരുണ്ട്. ടാറ്റയും ബിർലയും ഒക്കെ ദൈവദാസൻമാരാണോ? അറബി നാടുകളിലുള്ള മഹാധനികർ യേശുക്രിസ്തുവിനെ രക്ഷിതാവായി സ്വീകരിച്ചവരല്ലെന്ന് വ്യക്തമല്ലേ? എന്തിനേറെ പറയുന്നു, ലോകത്തിലെ ഏറ്റവും വലിയ 1000 ധനികരുടെ ലിസ്റ്റ് പരിശോധിച്ചാൽ അതിൽ രക്ഷിക്കപ്പെട്ട ഒരു ഡസൻ പേരെങ്കിലുമുണ്ടാകുമോ?

പെന്തക്കോസ്തിലെ കാര്യം തന്നെ എടുക്കാം. ടി.എസ്. ഏബ്രഹാമിന്റെ വിശുദ്ധിയുടെ കൂടുതൽകൊണ്ടാണോ അഞ്ചുകോടി രൂപ മുടക്കി ഈയിടെ സ്ഥലം വാങ്ങാൻ കഴിഞ്ഞത്? ടി.ജി.കോശി സമ്പന്നനായത് ദൈവാനുഗ്രഹം മൂലമാണോ? പ്രഖ്യാപിത ദുർന്നടപ്പുകാരനായ കെ.സി.ജോൺ പണമുണ്ടാക്കിയത് ശാപം മാറിക്കിട്ടിയതുകൊണ്ടാണോ? പെന്തക്കോസ്തിലെ പണക്കാരിൽ ചെറിയൊരു ശതമാനം മാത്രമേ നേരായ വഴിയിലൂടെ സമ്പന്നരായിട്ടുള്ളു.

ലോകത്തുള്ള മനുഷ്യരെ രക്ഷിക്കപ്പെട്ടവർ, രക്ഷിക്കപ്പെടാത്തവർ എന്നിങ്ങനെ രണ്ടായി തിരിക്കാം. രക്ഷിക്കപ്പെട്ടവരും രക്ഷിക്കപ്പെടാത്തവരും തെറ്റുചെയ്യും. പക്ഷേ, രക്ഷിക്കപ്പെട്ടവർ തെറ്റു തിരുത്തും. തെറ്റു ചെയ്യാതിരിക്കാൻ പരമാവധി സൂക്ഷിക്കയും ചെയ്യും. ഒരിക്കലും അവർ പാപത്തിൽ ജീവിക്കയില്ല. മന:സാക്ഷിക്കുത്തില്ലാതെ പാപം ചെയ്തുകൊണ്ടിരിക്കാൻ രക്ഷിക്കപ്പെട്ടവർക്ക് കഴിയുന്നതല്ല.

എന്നാൽ രക്ഷിക്കപ്പെടാത്തവർക്കും പിൻമാറ്റക്കാർക്കും ശങ്ക കൂടാതെ പാപത്തിൽ ജീവിക്കാൻ കഴിയും. അവർക്ക് കുറ്റബോധം എന്നൊന്നില്ല. ദൈവഭയം അശ്ശേഷമില്ല. പാപത്തിൽ ജീവിക്കുന്ന പെന്തക്കോസ്തുകാരിൽ ചിലർ പിൻമാറ്റക്കാരാണ്. ചിലർ ഒരിക്കലും രക്ഷിക്കപ്പെട്ടിട്ടുമില്ല. പണമുണ്ടാക്കാനായി ഏതു മാർഗ്ഗവും അവർ സ്വീകരിക്കും. അവർ വലിയ പണക്കാരായെന്നും വരാം. ഇത്തരക്കാർക്കുണ്ടാകുന്ന സാമ്പത്തിക ഉയർച്ച കണ്ട് ദൈവമക്കൾ അസൂയപ്പെടരുത്. കാരണം അവർ നിൽക്കുന്നത് വഴുവഴുപ്പിലാണ്, ക്രിസ്തുവാകുന്ന പാറമേലല്ല. അവരുടെ ആധാരം ജീവനുള്ള ദൈവത്തിന്റെ വചനമല്ല, വളച്ചൊടിച്ച കപട സുവിശേഷമാണ്. അവരുടെ സമൃദ്ധി ക്ഷണഭംഗുരമാണ്. അത് ഏറെക്കാലം നിലനിൽക്കയില്ല. നിത്യ നാശത്തി ലേക്കാണ് അവർ പോകുന്നത്.

ഉണ്ണാനും ഉടുക്കാനും ഉണ്ടെങ്കിൽ മതിയെന്നു വെയ്പ്പീൻ എന്ന് കർത്താവായ യേശുക്രിസ്തു പറഞ്ഞു. ദൈവമക്കളുടെ പ്രമാണം അതാണ്. അന്നന്നത്തെ അപ്പം ചോദിക്കുവാൻ മാത്രമേ കർത്താവ് പഠിപ്പിച്ചുള്ളു. അത് നൽകാമെന്ന് കർത്താവ് ഉറപ്പ് തന്നിട്ടുമുണ്ട്.

അന്നന്നത്തെ അപ്പം എന്നതിന് ഭക്ഷണം എന്നു മാത്രമേ അർത്ഥമുള്ളു എന്ന് ധരിക്കരുത്. ഒരു മനുഷ്യന് ഒരു ദിവസം ജീവിക്കാൻ ആവശ്യമായതെല്ലാം അതിൽ ഉൾപ്പെട്ടിരിക്കുന്നു. വിവാഹപ്രായമായാൽ പെൺകുട്ടികളെ വിവാഹം കഴിച്ച് അയയ്ക്കണം എന്നത് അന്നന്നത്തെ അപ്പം എന്നതിന്റെ പരിധിയിൽ വരുന്ന കാര്യമാണ്. അത് ചെയ്തുതരാനുള്ള ബാദ്ധ്യത കർത്താവിനുണ്ട്. അതുകൊണ്ട് അതിനായി പ്രാർത്ഥിക്കുന്നത് തികച്ചും ആവശ്യം തന്നെ. ഇതേപ്പറ്റി അല്പംകൂടി വിശദീകരിക്കേണ്ടതുണ്ട്.

കനാൻനാട് ദൈവം അബ്രഹാമിനും അവന്റെ സന്തതിക്കും വാഗ്ദത്തം ചെയ്തതാണ്. പക്ഷേ, യോശുവയുടെ നേതൃത്വത്തിൽ യിസ്രായേൽ ജനം അവിടെയെത്തിയപ്പോൾ ദേശം അന്യരുടെ അധീനതയിലായിരുന്നു. ദൈവജനം ശത്രുവിനോട് യുദ്ധം ചെയ്ത് അത് പിടിച്ചടക്കുകയായിരുന്നു. ദൈവഹിത പ്രകാരം യുദ്ധം ചെയ്തപ്പോഴെല്ലാം ദൈവജനം വിജയിക്കയും ചെയ്തു. ശരിയായ വിധത്തിൽ യുദ്ധം ചെയ്യാതിരുന്നതുമൂലം ദേശം പൂർണ്ണമായി പിടിച്ചടക്കാൻ ദൈവജനത്തിന് കഴിഞ്ഞതുമില്ല. ഇത് ദൃഷ്ടാന്തമാണ്.

അന്നന്നത്തെ അപ്പം ദൈവമക്കൾക്കുള്ള അവകാശമാണ്. പക്ഷേ, അതിനായി പ്രാർത്ഥിക്കണം. ദൈവം വാഗ്ദത്തം ചെയ്തു എന്നതുകൊണ്ട് അപ്പം നമ്മെ തേടിവരും എന്ന് ധരിക്കരുത്. മന്ന ദൈവം പൊഴിക്കും. പക്ഷേ, നാം അത് പെറുക്കിയെടുത്ത് പാകം ചെയ്ത് കഴിക്കണം.

പെൺമക്കളെ വിവാഹം കഴിച്ചു വിടേണ്ടത് ആവശ്യം തന്നെ. അത് നടത്തിത്തരാൻ കർത്താവിന് ആയിരം വഴികളുണ്ട്. യഹോവയ്ക്ക് പെരുവെള്ളത്തിലും പാതയുണ്ട്. അതുകൊണ്ട് പ്രത്യാശ കൈവെടിയരുത്. നല്ലവനായ ദൈവത്തിൽ നിന്നും നൻമ പ്രതീക്ഷിക്കുക. അവൻ നല്ലവനല്ലോ എന്ന് പാടി പുകഴ്ത്തുമ്പോൾ ആലയം പുകകൊണ്ട് നിറയും.

പെൺമക്കൾക്ക് അനുയോജ്യരായ ഭർത്താക്കൻമാരെ ലഭിക്കുവാൻ വിശ്വാസത്തോടെ പ്രാർത്ഥിക്കുക. (വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആർക്കും കഴിയുന്നതല്ല). പ്രാർത്ഥന ഒരു പോരാട്ടമാണ്. ദൈവപുത്രനായ യേശു പോലും നീണ്ട മണിക്കൂറുകൾ പ്രാർത്ഥിച്ചെങ്കിൽ നാം എത്രയധികം പ്രാർത്ഥിക്കണം. വിശ്വാസത്തോടെയുള്ള പ്രാർത്ഥന അത്ഭുതകരമായ ഫലം ഉളവാക്കും, സംശയം വേണ്ട. ആര് വിവാഹം കഴിക്കുമെന്നോ അതിനുള്ള പണം എങ്ങനെ ഉണ്ടാകുമെന്നോ ഓർത്ത് ഭാരപ്പെടരുത്. മരുഭൂമിയിൽ നീരുറവ തുറക്കാൻ ദൈവത്തിന് കഴിയും. ജീവനുള്ള ദൈവം നല്ലവനാണ്. നല്ലവന് തിൻമ ചെയ്യാനാവില്ല.

# BENNY HINN: THE HERETIC

*Controversial televangelist and faith-healer Benny Hinn got word from on high to delay his plans for a World Healing Center in Irving, Texas. (Thank God.)*

**Joe Bob Briggs**

What the heck is Benny Hinn doing in Dallas? It's weird. It was weird when he announced he was moving here in 1999, pretty much abandoning his church congregation in Florida. It was weirder still when he announced that God had ordered him to build a $30 million World Healing Center in Irving, Texas, making it sound like a combination theme park and New Age miracle spa. The way he laid it out, it would be a sort of shrine to famous faith healers of the past, complete with "stereo-phonic statue gardens," as well as a Holy Ghost Mayo Clinic for the halt, the lame and the afflicted. I had visions of wheelchair-bound hordes being lifted off jumbo jets at DFW Airport and convoying their way over to Las Colinas, like pilgrims pouring into a Disneyworld version of Lourdes. Isn't this the kind of thing that belongs in Tulsa?

Fortunately, God changed his mind last summer and told Hinn not to build the healing center after all, even though he had spent two years collecting donations for it. (God was apparently vague about what Hinn should do with the money. The county tax assessor was less vague, telling Hinn it was unlikely that his tax exemption would survive theme-park ownership.) Hinn said it was just a timing matter. God wants the healing center, but he doesn't want it right now. Hinn finally said he would keep his headquarters in Dallas because the central location saves him money.

He has no church. He belongs to no denomination. He's not even affiliated with any particular religion, although his buzz words indicate he tends to dwell on the freaky backwoods fringe of Pentecostalism. As recently as three centuries ago, he probably would have been burned as a heretic.

To give you some idea of his doctrinal strangeness, he once preached that the Trinity is actually nine persons, because each member of the Trinity – Father, Son, Holy Spirit – is also a Trinity. He also says that God and the Holy Spirit have real bodies, with eyes, hands, mouth, etc. Various theologians have trashed him, of course, for preaching "new revelations" directly from God that turn out to be, variations of thousand-year-old heresies. He thinks of himself as a prophet even when his prophecies don't come true and, in one burst of grandeur, "a little messiah walking on the earth." He believes that the Biblical Adam flew into outer space, that when God parted the Red Sea He made it into a wall of ice, that God talks to him more frequently than he talked to, say, Moses, that a man has risen from the dead in his presence, that a man turned into a snake before his eyes, that angels come to his bedroom and talk to him, and that the only reason we're not all in perfect health, living forever, is that there are demons in the world, attacking us. He's expressed opinions normally heard only on schizophrenia wards, and he's done it in front of millions of people – and still they come. They come in such numbers that thousands have to be turned away, and even the ones turned away gladly give him their money.

What's going on here? Benny Hinn says that what's going on here is that he was "anointed." It happened either at the age of 11, when Jesus first appeared to either him or his mother while he was living in Jaffa, Israel, or maybe 18, when he had a conversion experience at a high school in Toronto, or maybe shortly after that, when he took a bus trip to Pittsburgh to see the faith-healer Kathryn Kuhlman. It's difficult to say exactly when it happened, or what form it took, because Hinn parcels out little bits and pieces of his background as it suits him, then embellishes the stories so that isolating any one event in his life is like puzzling through a 30-year-old KGB file. What we do know is that a transforming moment in his life occurred when, as a teenager, he was assigned to take care of a crippled arthritic woman on a pilgrimage to see one of Kuhlman's healing services, and he saw the woman apparently lose all pain in her legs and "untwist," as he put it. Depending on how cynical you are, he had either found his holy calling, or discovered one of the oldest American carnie games. Ever since then he's been praised as a true miracle worker – Oral Roberts himself is his biggest fan – and debunked by various investi-gative reporters around the world, including 60 Minutes Australia, which concluded, "Benny Hinn is a fake. A dangerous fake. What he does is prey on the sick, the desperate and the gullible."

Hinn is a peculiar sort even by the standards of the ongoing circus called American televangelism. If you look at the superstars of the past twenty years – Bakker, Swaggart, Tilton – they're all of a type: WASPY extroverts with good looks in a sort of dime-store gigolo way. (Even Jim Bakker had that lost-puppy look that's so attractive to lonely widows. Older women living alone are the number one demographic group when it comes to sending money to television ministries.) Hinn, on the other hand, is short, slight, semitic, round-faced, and often sports a haircut that looks like a scoop of Rocky Road ice cream that's been knocked off the top of the cone. He reminds you of a discount Persian rug merchant, not a spiritual leader. He's a Palestinian with a Greek father and Armenian Turk mother, raised in a Catholic school along with eight brothers and sisters who were stuffed into a tiny two-bedroom apartment in the Tel Aviv suburb of Jaffa. In Hinn's books he claims that his father was the mayor of Jaffa. As it turns out, Jaffa had no mayor after the year 1948, four years before Hinn was born. Like many factoids in the Hinn legend, this one seems to be a fib.

Toufik Benedictus Hinn, known to his family as "Tutu," didn't much like living in Palestine with an Arabic first name, so early in life he became Benny. He was not particularly noted by his classmates at College de Frere elementary school in Jaffa or, after the family emigrated when Benny was 14, at Georges Vanier Secondary School in Toronto. In his sermons and books, Hinn has portrayed his childhood as that of a social outcast, handicapped by a severe stutter, who was nonetheless a stellar student. But when G. Richard Fisher and M. Kurt Goedelman, two journalists who write for Christian publications, looked into Hinn's youth, they found that both claims were untrue: nobody remembered Hinn stuttering, and he had dropped out of high school after the 11th grade. The reason I use these particular examples is to indicate how twisted Hinn's mythmaking can be. He invents things that reflect badly on him just as easily as he invents things that reflect well on him. Psychologically he can't stand the unadorned truth.

Occasionally, though, the enhancements expand into the land of the whopper. For example, Hinn claims to have preached at an all-girls Catholic school in Jerusalem in 1976 and "every single girl in that school got saved, including all the nuns." Since there's only one Catholic girls school in Jerusalem, Schmidt's Girls College, it was a fairly easy matter to question all the nuns who were there in 1976, as well as Father Dusind, who has overseen all religious instruction since 1955. The result? "This is nonsense, real nonsense," Dusind told Fisher and Goedelman. "It never happened and could not happen because a Charismatic healer or Protestant preacher would never ever be let in to talk to the girls."

Or how about the time Hinn went into a Catholic hospital in Sault Ste. Marie, Ontario, and healed everyone there? The way Hinn tells it is that he, three other Pentecostal preachers, and seven Catholic priests held a service together in the hospital chapel, where everyone went to work with "anointing bottles" and patients were healed instantly. They were then asked to lay hands on all the patients in the hospital's rooms, so Hinn and his "Miracle Invasion" team went down the hall healing people, knocking them down with God's power, until "the hospital looked like it had been hit by an earthquake."

The reality – easily confirmed by speaking to officials at Sault Ste. Marie General Hospital and the Gray Sisters of the Immaculate Conception who work there – is that no patients were released the day Hinn held a small service in the chapel and that, furthermore, "Mr. Hinn's claims are outlandish and unwarranted."

Okay, so what? Benny Hinn isn't the first flamboyant white-suited evangelist to play fast and loose with "miracles," and I'm sure he won't be the last. What makes Hinn different is that, after moving to Orlando in 1979 and founding the Orlando Christian Center in 1983, he became the most famous – some would add, "and richest" – evangelist in the world. When he preaches in the Philippines or Africa, for example, it's not uncommon to have 500,000 people at the service. And they all come for the same reason: supernatural events, miracles, ecstatic emotional experiences. He refined his technique in the eighties at the Orlando church, which was the scene of loud frenzied charismatic services almost from the moment he opened his doors. Hinn would frequently speak in tongues – something he no longer does now that his services are televised – and issue wild prophecies and reveal divine messages given only to him, as he essentially incorporated into his own services all the techniques he learned from watching Kathryn Kuhlman. Soon the Orlando church became a mecca for the suffering, and by the time Hinn started doing organized crusades in the late '80s, he was poised to fill the void left by the spectacular crashes of the Bakkers, Swaggarts and Tiltons.

In many ways Hinn is a throwback to the tent-revival meetings of the 19th century. Short on scripture, long on enthusiasm, these were originally ways to carry the gospel to backwoods people who weren't served by churches, and the tradition was to collect a little money for the minister's travelling expenses at the end of the service. As time went on, the tent revival fell prey to shysters and carnie men, who discovered they could make a sizeable haul by stoking the emotions of the illiterate and making them feel like they were in the presence of miraculous events. It was a short jump from there to Aimee Semple Macpherson, the now discredited healer of the 1920s who, oddly enough, Hinn reveres as one of his spiritual predecessors. Macpherson was the first to take the tent revival nationwide.

This is not to say that everyone who held a healing service was a fraud – but the ones who made an entire career of it tended to be. There even developed a body of sleight-of-hand that survived well into the nineties, notably practiced by Dallas' own WV Grant, who can make a leg look like it's grown longer or shorter simply by manipulating the shoe with a deft magician's move. The healing service, almost from the beginning, was a strange mixture of showmanship, ecstatic worship, and magic.

Hinn's services, for example, follow a strict pattern that's calculated for maximum emotional impact and, not so coincidentally, maximum offering collection. From the time the crowd enters the arena, they're massaged with mood lighting, repetitive music, responsive chanting, group gestures, group singing, various forms of choral and instrumental entertainment, all leading up to the moment Hinn makes his entrance. The song sung for the entrance is "How Great Thou Art," making convenient use of an ambiguous personal pronoun.

"There's power here, people!" Hinn will typically say. "Lift your hands and receive it." All dutifully lift their hands. "You will be healed tonight!" They sob and shout hallelujah. "All things are possible to him that believeth!" Hinn repeats this same sentence three times, getting a bigger emotional reaction each time he says it.

Chant, song, gesture, salute – all the classic techniques used to submerge the individual into a group. It works for dictators and it works for Hinn. But now that he's joined them together in hope, he adds a dose of fear.

He speaks of huge disasters coming to the world. He tells them of the strange times we live in, a sinful world that will be cleansed by fire and earthquake. And there's only one slim hope to escape:

"Only those who have been giving to God's work will be spared."

(con..... page - 7)

# ടി.പിക്ക് മറുപടിയില്ല

ശാരോൻ ഫെലോഷിപ്പിന്റെ മിനിസ്റ്റേഴ്സ് കൗൺസിൽ സെക്രട്ടറിയായ ടി.പി.ഏബ്രഹാമിന്റെ മക്കളുടെ ദുർന്നടപ്പിനെതിരെ ഡിഫെൻഡർ എഴുതിയിട്ടും ടി.പി.ഏബ്രഹാം മിണ്ടുന്നില്ല. ആത്മീയതയുടെ കൂടുതലുകൊണ്ടാണ് ടി.പി.മിണ്ടാത്തത് എന്ന് ആരെങ്കിലും കരുതുന്നെങ്കിൽ തെറ്റി. കാര്യം അതല്ല. ഡിഫെൻഡർ എഴുതിയതെല്ലാം തികച്ചും സത്യമാണ്. അതുകൊണ്ട് പ്രതികരിക്കാൻ കഴിയുന്നില്ല.

ടി.പിയുടെ മകന് ശാരോനിലെ ഒരു സെന്റർ പാസ്റ്ററുടെ മകനുമായുണ്ടായിരുന്ന പ്രകൃതിവിരുദ്ധ ബന്ധങ്ങളേക്കുറിച്ച് അറിഞ്ഞയുടൻ ഡിഫെൻഡർ ടി.പിക്ക് രജിസ്റ്റേഡ് നോട്ടീസ് അയച്ചു. ഇത്തരം ഒരു സംഭവം നടന്നിട്ടുണ്ടെങ്കിൽ അതിനെതിരെ നടപടി എടുക്കണമെന്നും ഇങ്ങനെയൊരു സംഭവം നടന്നിട്ടില്ലെങ്കിൽ ഉടൻ മറുപടി അയക്കണമെന്നും ആയിരുന്നു ഡിഫെൻഡർ ആവശ്യപ്പെട്ടത്. പക്ഷേ, ടി.പി. പ്രതികരിച്ചില്ല. സംഭവം നടന്നിട്ടില്ല എന്ന് നുണ പറഞ്ഞാൽ ഡിഫെൻഡർ തെളിവുകൾ നിരത്തും. നടന്നൂ എന്നു പറഞ്ഞാൽ നടപടി എടുക്കേണ്ടതായി വരും. രണ്ടും ബുദ്ധിമുട്ടുള്ള കാര്യമാണ്. അതുകൊണ്ട് ടി.പി. മറുപടി പറഞ്ഞില്ല. പക്ഷേ, ഈ വിഷയത്തേക്കുറിച്ച് ഡിഫെൻഡറിൽ വാർത്ത വന്നയുടൻ ടി.പി. ഡിഫെൻഡറിന് വക്കീൽ നോട്ടീസ് അയച്ചു. മാനനഷ്ടക്കേസ് കൊടുക്കും എന്നായിരുന്നു ഭീഷണി. മാനനഷ്ടമുണ്ടായിട്ടുണ്ടെങ്കിൽ കേസ്സ് കൊടുക്കാൻ നിർദ്ദേശിച്ച് ഡിഫെൻഡർ മറുപടി അയച്ചതോടെ ടി.പിയുടെ വായടഞ്ഞു. മാനനഷ്ടക്കേസ് എന്നൊക്കെ കേൾക്കുമ്പോൾ ഡിഫെൻഡർ വിറയ്ക്കും എന്നായിരുന്നു ടി.പിയുടെ കണക്കുകൂട്ടൽ. മാനമുള്ളവർക്കേ മാനനഷ്ടം ഉണ്ടാകൂ എന്ന വസ്തുത ടി.പി.മറന്നുപോയി.

കൊമ്പൻ പോയ വഴിയേ മോഴയും എന്നു പറഞ്ഞതുപോലെ ടി.പിയുടെ മകൻ പോയ വഴിയേ മകളും അടുത്ത കാലത്ത് സഞ്ചരിച്ചു.ടി.പിയുടെ ബൈബിൾ സ്ക്കൂളിലെ ഒരു വിദ്യാർത്ഥിയായി രുന്നു കൂട്ടുപ്രതി. പ്രശ്നം അങ്ങാടിപ്പാട്ടായതോടെ വിദ്യാർത്ഥിയെ പുറത്താക്കി. മോളെ പുറത്താക്കാൻ പറ്റില്ലല്ലോ. അണ്ണാക്കിൽ പുഴുത്താൽ നുണഞ്ഞിറക്കുകയല്ലേ നിവൃത്തിയുള്ളൂ.

സംഗതി ഇങ്ങനെയൊക്കെയാണെങ്കിലും ടി.പി. ഒരു കാര്യത്തിൽ മറുപടി പറയണം: 1തിമോ.3:1-10 ടി.പി.ക്കും കുടുംബത്തിനും ബാധകമല്ലേ? ടി.ജി.കോശിയും കുടുംബവും ഈ ചട്ടം അനുസരിക്കേണ്ടതില്ലെന്ന് ശാരോൻ ഭരണഘടനയിലുണ്ടോ?

# മുന്തിരിച്ചക്കും ഉണർവ്വും

മുന്തിരിച്ചക്കും ഉണർവ്വും തമ്മിൽ എന്താണ് ബന്ധം? ഒരു ബന്ധവുമില്ല എന്നു പറയുന്നതിനു മുൻപ് ഈ കഥ കേൾക്കൂ.

പറയാൻ പോകുന്നത് സംഭവകഥയാണ്. പക്ഷേ അത് എവിടെ നടന്നു എന്ന് തല്ക്കാലം പറയുന്നില്ല. നടന്നത് എവിടെയായാലും കഥ കേട്ടാൽ മതിയല്ലോ.

ഒരു ബൈബിൾ സെമിനാരിയുടെ തലപ്പത്തിരിക്കുന്ന മാന്യവ്യക്തിയാണ് കഥാനായകൻ. ഊതിവീഴ്ത്ത്, ഉന്തിവീഴ്ത്ത്, ഭൂതശാന്തി തുടങ്ങിയവയിലൊക്കെ പെരുത്ത വിശ്വാസമുള്ള ആളാണ് ഈ പണ്ഡിതൻ. അതുകൊണ്ട് ഡിഫെൻഡറിനോട് കടുത്ത ശത്രുതയുമുണ്ട്. ഏതെങ്കിലും വീട്ടിൽ ഡിഫെൻഡർ ഇരിക്കുന്നതു കണ്ടാൽ കക്ഷി കോപിക്കും. വീട്ടുകാരെ ശപിക്കും. ഡിഫെൻഡർ വലിച്ചെറിയും. ഡിഫെൻഡർ വീട്ടിൽ കയറ്റാൻ കൊള്ളില്ലത്രേ.

ഈ പരമ പുണ്യാളൻ ഒരു ദിവസം ഗിദയോനേക്കുറിച്ച് പ്രസംഗിക്കാൻ തുടങ്ങി. വിഷയം എന്തായാലും ഉണർവ്വ് നിർബ്ബന്ധം. ഉണർവ്വെന്നു പറഞ്ഞാൽ മണിക്കൂറുകൾ നീളുന്ന ബഹളം. ഗിദയോൻ മുന്തിരിച്ചക്കിന്റെ അരികിൽ നിന്ന് ഗോതമ്പു മെതിച്ച കാര്യം പ്രസംഗകൻ ഒന്നോ രണ്ടോ മിനിട്ടുകൊണ്ട് പറഞ്ഞു. ഇനി ഉണർവ്വുണ്ടാക്കണം. എന്താണ് മാർഗ്ഗം? സംഗതി വളരെ എളുപ്പം. "മുന്തിരിച്ചക്ക്, ഓ.... മുന്തിരിച്ചക്ക് .... ഹാലേലൂയ്യാ ... മുന്തിരിച്ചക്ക് ....." ആവശ്യമായ വൈബ്രേഷൻ സഹിതം ഇത്രയും പറഞ്ഞതോടെ ജനം ആത്മാവിലായി. ഒരു മണിക്കൂറോളം കഴിഞ്ഞാണ് അല്പം ശാന്തതയുണ്ടായത്.

**URGENTLY REQUIRED FOR DUBAI**

**1)Civil Engineers (BE- fresh candidates only) :- 5 Nos.**
**2)Master Cutter :-2 Nos.**

**The candidate should have minimum 5-6 yrs experience in cutting Western outfits and should be able to converse in English. Need attested certificate.**

**Contact: 0484-2377588. Mob: 9847119345**

**നിങ്ങൾക്കും ഒരു വെബ്സൈറ്റ്**

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപനത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും ഫോട്ടോ സഹിതം വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കു വേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു.

www.yourname.com എന്ന വിലാസം
you@yourname.com എന്ന ഈമെയിൽ
ഒരു ഹോം പേജ്
ആകെ ചെലവ്: 1500 രൂപ മാത്രം
ഓരോ അധിക പേജിനും 400 രൂപ
കൂടുതൽ വിവരങ്ങൾക്ക്: 0484-2592249

# വിദ്യാഭ്യാസ വായ്പയും കാണാപ്പുറങ്ങളും

വിദ്യാഭ്യാസ വായ്പയും അനുബന്ധ വിഷയങ്ങളും ഏറെ വിവാദങ്ങൾക്കു കാരണമായിക്കഴിഞ്ഞു. എന്നാൽ വസ്തുതകൾ മനസ്സിലാക്കാതെയാണ് പലരും പ്രതികരിക്കുന്നതെന്ന് പറയാതെ വയ്യ. അതുകൊണ്ട് ഈ വിഷയവുമായി ബന്ധപ്പെട്ട ചില വിഷയങ്ങൾ വിശദീകരിക്കയാണ്.

വിദ്യാഭ്യാസ വായ്പയുമായി ബന്ധപ്പെട്ട് പ്രധാനമായി രണ്ടു വിധത്തിലുള്ള പ്രശ്നങ്ങളാണുള്ളത്. വായ്പ ലഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് അവയിൽ ഒന്ന്. വിവാദങ്ങൾക്കു കാരണമായിട്ടുള്ളതും ഇതു തന്നെ. വായ്പ തിരിച്ചടയ്ക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങളാണ് രണ്ടാമത്തേത്.

വായ്പയ്ക്കായി ബാങ്കിനെ സമീപിക്കുന്ന വ്യക്തിക്ക് എങ്ങനെയെങ്കിലും വായ്പ ലഭിക്കണം എന്ന ചിന്തയായിരിക്കും ഉള്ളത്. പക്ഷേ, കൊടുക്കുന്ന വായ്പ എങ്ങനെ തിരിച്ചു പിടിക്കും എന്ന ചിന്തയാണ് ബാങ്കിനുള്ളത്. പരസ്പര വിരുദ്ധങ്ങളായ ഈ താല്പര്യങ്ങളാണ് പ്രശ്നത്തിനു കാരണമാകുന്നത്.

നിക്ഷേപകരുടെ പണമാണ് ബാങ്ക് വായ്പയായി നൽകുന്നത്. വായ്പ എടുക്കുന്നവർ നൽകുന്ന പലിശയിൽ നിന്നാണ് നിക്ഷേപകർക്കു പലിശ കൊടുക്കുന്നത്. നിക്ഷേപകർ ആവശ്യപ്പെടുമ്പോൾ പലിശ മാത്രമല്ല മുതലും മടക്കി കൊടുക്കണം. വായ്പ എടുത്തവർ മുതലും പലിശയും തിരിച്ച് കൊടുത്താൽ മാത്രമേ ബാങ്കിന് നിലനിൽക്കാൻ പറ്റൂ എന്ന് ചുരുക്കം. അതുകൊണ്ട് വായ്പയായി കൊടുക്കുന്ന പണം പലിശയടക്കം തിരികെ ലഭിക്കും എന്ന് ഉറപ്പുണ്ടെങ്കിൽ മാത്രമേ ബാങ്കുകൾ വായ്പ കൊടുക്കൂ.

വസ്തുവിന്റെ ഈടും മറ്റും ഇല്ലാതെ ഏഴുലക്ഷം രൂപ വരെ വിദ്യാഭ്യാസ വായ്പ കൊടുക്കാൻ ബാങ്കുകൾക്ക് അനുവാദം നൽകിയിട്ടുണ്ട് എന്നതു ശരിതന്നെ. പക്ഷേ, കൊടുക്കുന്ന വായ്പ എങ്ങനെ തിരിച്ചടയ്ക്കും എന്നുപോലും ചോദിക്കാതെ ബാങ്കുകൾ വായ്പ നൽകും എന്ന് ധരിക്കരുത്. ഒരു ബാങ്കിനും അങ്ങനെ ചെയ്യാൻ പറ്റില്ല എന്നതാണ് സത്യം.

ഉയർന്ന മാർക്കുവാങ്ങിയിട്ടുള്ളവർക്ക് വായ്പ ലഭിക്കാൻ താരതമ്യേന എളുപ്പമാണ്. അതുപോലെ സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെ മക്കൾക്കും വിദ്യാഭ്യാസ വായ്പ ലഭിക്കാൻ ബുദ്ധിമുട്ടുണ്ടാകയില്ല. എന്നാൽ മാർക്ക് കുറവുള്ളവർക്കും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മാതാപിതാക്കളുടെ മക്കൾക്കും വായ്പ ലഭിക്കാൻ ബുദ്ധിമുട്ടുണ്ടാകും. വായ്പയായി കൊടുക്കുന്ന പണം തിരികെ ലഭിക്കുമോ എന്ന് ഉറപ്പില്ലാത്തതുകൊണ്ട് വായ്പ നൽകാൻ ബാങ്കുകൾ മടിക്കും.

ഏതു കോഴ്സിന് പഠിക്കുന്നു എന്നതും പ്രാധാന്യമുള്ള വിഷയമാണ്. മെഡിസിന് പഠിക്കുന്നവർക്ക് വായ്പ ലഭിക്കാനുള്ളതിൽ അധികം ബുദ്ധിമുട്ട് സഹിച്ചാലേ എഞ്ചിനീയറിംഗുകാർക്ക് വായ്പ ലഭിക്കൂ. തൊഴിൽ സാദ്ധ്യതകൂടി ബാങ്ക് പരിഗണിക്കുന്നതാണ് പ്രശ്നത്തിനു കാരണം. അതുപോലെ ബി.എസ്.സി. നെഴ്സിംഗ് പഠിക്കുന്നവർക്ക് വായ്പ ലഭിക്കുന്നത്ര എളുപ്പത്തിൽ ജനറൽ നെഴ്സിംഗ് പഠിക്കുന്നവർക്ക് വായ്പ ലഭിക്കയില്ല. ചില ബാങ്കുകൾ ജനറൽ നെഴ്സിംഗ് പഠിക്കുന്നവർക്ക് വായ്പ കൊടുക്കാറേയില്ല.

സ്റ്റേറ്റ് നെഴ്സിംഗ് കൗൺസിലിന്റെയും ഇന്ത്യൻ നെഴ്സിംഗ് കൗൺസിലിന്റെയും അംഗീകാരം ഉള്ള നെഴ്സിംഗ് സ്ക്കൂളുകളിൽ പഠിക്കുന്നവർക്കാണ് ബാങ്കുകൾ സാധാരണയായി വായ്പ നൽകുന്നത്. ഈ വസ്തുത മനസ്സിലാക്കാതെ പലരും അബദ്ധത്തിൽ ചാടിയിട്ടുണ്ട്. ഉദാഹരണമായി, കഴിഞ്ഞ വർഷം കർണ്ണാടക സർക്കാർ കുറച്ചധികം നെഴ്സിംഗ് സ്ക്കൂളുകൾക്ക് അനുമതി നൽകി. ഈ സ്ക്കൂളുകൾക്ക് കർണ്ണാടക നെഴ്സിംഗ് കൗൺസിലിന്റെ അംഗീകാരം ഉണ്ട്. (ഇല്ലെങ്കിൽ ഉടൻ ലഭിക്കും). പക്ഷേ, ഇന്ത്യൻ നെഴ്സിംഗ് കൗൺസിലിന്റെ അംഗീകാരം ലഭിക്കാൻ കാലതാമസമുണ്ടാകും. ഈ സ്ക്കൂളുകളിൽ ഇപ്പോൾ പഠിക്കുന്നവർക്ക് ബാങ്ക് വായ്പ ലഭിക്കാൻ ബുദ്ധിമുട്ടുണ്ടാകുമെന്നതിന് സംശയമില്ല. ബാങ്ക് വായ്പ നൽകാമെന്നു പറഞ്ഞ് ചില ഇടനിലക്കാർ ഇത്തരം സ്ക്കൂളുകളിൽ അഡ്മിഷൻ നൽകി കബളിപ്പിച്ചു എന്നുംമറ്റുമുള്ള വാർത്തയുടെ പിന്നിലെ സത്യം ഇതാണ്.

കോഴ്സ് പൂർത്തിയാക്കിക്കഴിഞ്ഞ് വായ്പ എങ്ങനെ തിരിച്ചടയ്ക്കും എന്ന് ബാങ്കുകൾ മാത്രമല്ല, വായ്പ എടുക്കുന്നവരും ആലോചിക്കുന്നത് നന്ന്. അഞ്ചു ലക്ഷം രൂപ വായ്പ എടുത്ത് എം.ബി.ബി.എസ്. പാസ്സായെന്നിരിക്കട്ടെ. ഉടൻ ജോലി കിട്ടുമെന്ന് എന്താണുറപ്പ്? പഠിച്ചിറങ്ങിയ ഉടൻ ജോലി കിട്ടിയെന്നിരിക്കട്ടെ. എത്ര രൂപ ശമ്പളം കിട്ടും? ഇന്നത്തെ നില വെച്ചു പറഞ്ഞാൽ 10,000 രൂപയിൽ അധികം ലഭിക്കില്ല. മുതലും പലിശയും അടക്കം ബാങ്കിൽ പ്രതിമാസം അടയ്ക്കേണ്ട തുക ഇതിൽ ഒട്ടും കുറയാൻ ഇടയില്ല. അങ്ങനെ ആറോ ഏഴോ വർഷം അടയ്ക്കണം. പഠനം കഴിഞ്ഞുള്ള ആറേഴു വർഷം നിത്യ ദാരിദ്ര്യമായിരിക്കും ഫലം എന്ന് വ്യക്തം. ഏറെ ജോലി സാദ്ധ്യതയുള്ള എം.ബി.ബി.എസ്. കോഴ്സിന്റെ കാര്യം ഇങ്ങനെയാണെങ്കിൽ മറ്റുള്ളവയുടെ കാര്യം പറയേണ്ടതില്ലല്ലോ.

ബാങ്കിൽ നിന്നും വായ്പ എടുത്ത് പഠിക്കാമെന്നും പഠനം കഴിഞ്ഞ് ജോലി കിട്ടുമ്പോൾ കടം വീട്ടാമെന്നും ഒക്കെ പറയാൻ എളുപ്പമാണ്. ഇതൊക്കെ കേൾക്കാനും രസമാണ്. പക്ഷേ, ബാങ്ക് വായ്പയുടെ കാണാപ്പുറങ്ങൾ അറിയാതെ എടുത്തുചാടിയാൽ അബദ്ധമാകുമെന്നു തീർച്ച.

**ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?**

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ.
ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.
ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.
സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.
ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-2592249, 9447414608

# What the heck is Benny Hinn doing .............

As a violin plays, money is collected in big white plastic buckets. And as the ushers do their work, Hinn's voice turns soothing.

"Nothing will touch you. No one will touch your children. Nothing will touch your home."

Although he never says, "Donate money or you'll die," he comes close. There is a constant theme in his preaching of the connection between "giving" and "healing," making a "faith vow" and "having your needs met." He comes within a hair's breadth of saying, "If you give me money, you will be healed." And the collection always occurs between his promise of healing and the actual healing session – the same way street performers save their biggest trick until after the hat has been passed.

Along about 10 p.m., when all the checks and dead presidents have been collected, Hinn announces that God is speaking to him. Sometimes he sees angels in the room. Sometimes he sees ugly demon monsters that are fleeing from the building. Sometimes he just FEELS the presence of spirits, or angels. Once he saw the whole arena bathed in golden dust. And then, as though his body has been taken over by a force he can't control, he starts running around knocking people over. Sometimes he knocks them over with his coat, sometimes by blowing on them, sometimes by pushing their forehead with his hand – but when he touches them, they fall over. As he does this, he calls out the healings – a brain tumor, a cancer, a crippled left leg – as though he's watching something occurring that the rest of us can't see. And then, one by one, various people are brought up onto the stage, and an announcer describes their affliction so that Hinn can lay hands on them and pronounce the disease vanquished. On an average night he'll heal about 80 people, in addition to the ones he shouts out in a sort of "wherever you are, you're healed" way.

No wonder Hinn needs bodyguards. Very few, if any, of these people are actually healed. And when they die, or their disease becomes worse, their relatives tend to become angry. For the past ten years this has been demonstrated over and over again by various investigative reports conducted with the resources of the Trinity Foundation, beginning with an Inside Edition show in 1993 hosted by Bill O'Reilly and reported by Steve Wilson.

**Just a few examples:**

He claims to have cured three people of AIDS, even though the Centers for Disease Control have never seen the HIV virus leave a body once it's infected. He healed a case of brain cancer on stage, even though Inside Edition followed up with tests that showed the tumor was still present. He pronounced a woman cured of heart disease, and she was so convinced that she threw away her heart medicine. Questioned about it, Hinn said, "It's not my job to call their doctor." The "cure" of a deaf woman turned out to be a woman who, according to her doctor, was not deaf in the first place.

The cure of three deaf boys turned out to be bogus. A Houston woman who thought she was cured of lung cancer ("It will never come back!" Hinn told her) rejected her doctors' advice and care – and died two months later.

The heavyweight boxer Evander Holyfield, banned from boxing because of a heart condition, went to a Benny Hinn crusade in Philadelphia, had Hinn lay hands on him, and gave Hinn a check for $265,000 after he was told he was healed. In fact, he passed his next examination by the boxing commission, but later his doctors said he never had a heart condition in the first place – he had been misdiagnosed.

Hinn claimed that God ripped the pacemaker out of a woman's body because she didn't need it anymore. Hinn claims that a man in Ghana was raised from the dead on the platform. "We have it on video!" he says – although he's never produced the video.

I could go on, but you get the idea. Even sadder than the people who think they're healed are the ones so sick that Hinn's employees never allow them to be seen on stage. People suffering from paralysis, brain damage, dementia and the like – people who couldn't possibly make any "demonstration" on stage – are rejected at a screening session held backstage.

In two cases journalists have tried to verify all the healings at a particular crusade. For an HBO documentary called A Question of Miracles, researchers attended a Portland, Oregon, crusade at which 76 miracles were claimed. Even though Hinn had agreed to provide medical verification of each one, he stonewalled requests for the data, then eventually responded 13 weeks later – with only five names. HBO followed up the five cases and determined that a woman "cured" of lung cancer had died nine months later, an old woman's broken vertebra wasn't healed after all, a man with a logging injury deteriorated as he refused medication and a needed operation, a woman claiming to be healed of deafness had never been deaf (according to her husband), and a woman complaining of "breathlessness" had stopped going to the doctor on instructions of her mother.

Just last December NBC's Dateline tried to duplicate the HBO study. At a crusade in Las Vegas they counted 56 miracles. Of those, Hinn eventually provided data "proving" five of them. Four of those people refused to share their medical records with NBC. The remaining one, a woman supposedly cured of Lou Gehrig's Disease, had been misdiagnosed, according to her doctor. There have been so many documentaries and investigations on Hinn – almost all of them orchestrated by Trinity Foundation – that they even have a common structure. Here's what he looks like in action. Here's what he claims to do. Here's what his critics say. Is he a fraud or is he a healer? Let's find out. Not much healing going on. Okay, here's what Hinn says in his defence.

One thing Hinn says in his defence – when confronted with evidence that someone claimed to be healed and then died – is that "The reason people lose their healing is because they begin questioning if God really did it."

This may be his cruelest teaching of all. If you're not healed – or, worse yet, if your sick child is not healed – it's YOUR fault, for not having enough faith. It's at this point that Hinn's ministry almost passes over into the realm of primitive magic – i.e., if you want it bad enough, and you say the right things and feel the right things, it will come true.

As it turns out, though, the media investigations are the best thing that ever happened to Hinn. They made him more famous, and more recognizable, than religious TV ever could have. And since most of his audience is made up of the truly desperate – the chronically sick, the dying, people living with pain – Benny Hinn became one more "treatment" for them to take a shot at.

When the first investigation broke, in March 1993, Hinn must have thought his empire was about to fall apart. There was a nasty shoving incident at the Philadelphia airport with Steve Wilson of Inside Edition, followed by a damage-control campaign in which Hinn went on many radio and TV shows, and met privately with several of his critics, to admit that he'd made mistakes and vow that he would never again air "miracles" on TV unless they had been medically verified. "God has taken me by the neck," he said to his congregation. "I think I'm gonna stop preaching healing and start preaching Jesus."

At the request of Inside Edition, Ole Anthony travelled to Orlando to meet with Hinn. At the only face-to-face meeting the two men have had, Hinn said he was reformed and that he intended to start medically verifying all miracles and holding them back from television for six months, so that they could be proven authentic. He even said at one point that worldly wealth was sinful – something you'll rarely hear fall out of the mouth of a TV evangelist.

If you study this particular year in his life, he's remarkably consistent in his statements, very self-aware of exactly what errors he's made, very humble, very apologetic, very interested in getting "back to the gospel." He even says at one point that he'll stop doing healing services entirely. And most everyone believed him – including Inside Edition, in a follow-up report, and including Anthony. "I was disappointed," says Anthony today, "that a year later he was back to his old tricks." By 1994, it was as though the soul-searching of the previous year had never existed. He geared up to be bigger than ever. He added crusades, he became more flamboyant, more theatrical, and the procession of "miracles" flitting across the TV screen every day continued unabated.

Apparently what he'd discovered is that scandal was GOOD FOR BUSINESS. Or at least THIS particular type of scandal was good for business. Bakker and Swaggart – he must have thought of them at some point – had been brought down by sex, which is difficult for the Christian world to forgive. Greed, on the other hand, can be overcome. Tilton had been brought down by money issues, but after a few years of lying low, he was back in action. This was a whole new type of media attention. The reporters simply said "Is he a healer, or is he a fake?" And because it was presented as an open-ended question, the crowds got even LARGER.

Ten years later, Hinn has become something of a media master. Whenever he's investigated now, he simply ADMITS his "mistakes." He's especially fond of going on The Larry King Show at any time of crisis. He's also refined his view of what he does. He doesn't heal anyone, he always reminds the interviewer. He just creates an atmosphere so that God can heal people. By the time people get to the stage, they've already been healed by God, he says. If the healing turns out to be bogus, then the person was self-deluded. Besides, hope is a great thing.

He also says he has a doctor backstage now to counsel the miracle cases and encourage them to continue with their medication until the healing has been verified. This seems to satisfy the media, even though it amounts to an admission of his own inability to know whether someone is healed.

The image he presents to the faithful is the opposite, of course. To them he's a man possessed of special wisdom. He sees things no one else can see. He has conversations with Jesus that no one else has had. He witnesses the presence of God when no one else would be aware of it. And he constantly says his teaching is "new." ("You didn't come here to hear the same preaching you've been hearing for 50 years, did you?") To the orthodox Christians, this alone makes him heretical. Far from being "new," they would say, the gospel is unchanged over 2,000 years.

But there's an even darker side to Hinn and his organization. In 1998 two members of his inner circle died of heroin overdoses. In 1999, after one of his many vows of reform, he fired several board members and hired an ex-cop named Mario C. Licciardello to do an internal investigation of his ministry. Licciardello was the brother-in-law of Carman, the popular Christian singer, so many think Hinn considered him "safe." But Licciardello did such a good job – taking hundreds of depositions and getting to the bottom of the heroin use – that Hinn then sued him. While Licciardello was still his head of security, the ministry filed a lawsuit demanding that all his files be turned over and sealed, because their public release could result in the end of the ministry. One day before Hinn was supposed to give his deposition in this case, Licciardello had a mysterious heart attack and died. The Hinn organization made an out-of-court settlement with Licciardello's widow, which included sealing the court papers.

Hinn runs the largest evangelistic organization in the world that is NOT a member of the Evangelical Council for Financial Responsibility. That means his finances are private, his salary is secret, and his income is anybody's guess. Royalties from his books alone are estimated at $500,000 per year, but he essentially has carte blanche to take anything out of the till he wants. "He lives the lifestyle of a billionaire," says Ole Anthony, "all on the backs of false promises and selling false hope."

As Hinn put it himself, in a moment of rare revelatory candor, "I don't need gold in heaven, I gotta have it now."

During 1993, his one year of "reform," he talked about being stung by being portrayed as a millionaire and how he wanted to be "more Christ-like." His solution: "The Lord said sell the Benz and the watch." He got rid of his Rolex and his Mercedes. Notice he didn't give them away. He sold them – and then replaced the Mercedes with a $65,000 BMW. This is what God told him to do. And who better to know what God wants, because Hinn, after all, is only the third person in the history of the universe to have actually seen God and lived to tell about it. God, he says, is 6-2 or 6-3, with long hair of a light brown color, and eyes that can look right through you.

So what is Benny Hinn really doing in Dallas? He's having conversations with a God who thinks about Rolexes and luxury cars a whole heck of a lot. God really DID pick the right city, didn't he?

RNI No. 68089 / 97
2004 August 1

# THE DEFENDER

REGISTERED
KL/CR/ALY/221/2003-05

## വാൽക്കുളമ്പിൽ കൂട്ടുകൃഷി

വാൽക്കുളമ്പ് ശാരോനിലെ വിശുദ്ധൻ നന്നാകുന്ന മട്ടില്ല. കൂട്ടുകൃഷി പൂർവ്വാധികം ശക്തിയോടെ മുൻപോട്ട് കൊണ്ടു പോകുകയാണ്.

ഈ ചങ്ങാതിയെ ഓർമ്മയില്ലേ? ഇദ്ദേഹത്തേക്കുറിച്ച് മെയ് ലക്കം ഡിഫെൻഡറിൽ എഴുതിയിരുന്നു. അതിന്റെ പ്രസക്ത ഭാഗങ്ങൾ ഉദ്ധരിക്കാം:

"വാൽക്കുളമ്പു സഭയിൽ ഇപ്പോൾ വിശ്വാസികൾ ചേരി തിരിഞ്ഞ് പോരാടുകയാണ്. എന്തിന്? അത് അവർക്കു തന്നെ അറിഞ്ഞുകൂടാ. ഏതായാലും പാസ്റ്റർ ഒരു പക്ഷത്തുണ്ട്. ഉണ്ടാകണമല്ലോ. പാസ്റ്റർ ഏതെങ്കിലും ഒരു പക്ഷം പിടിക്കാതെ വഴക്കുണ്ടാകുന്നതെങ്ങനെ?

"പക്ഷേ, ഈ പാസ്റ്റർ ചില്ലറക്കാരനല്ല. വാൽക്കുളമ്പിൽ വരുന്നതിനു മുമ്പ് ഈ ചങ്ങാതി കുറച്ചു ദൂരെ ഒരിടത്തായിരുന്നു. അവിടെ അത്യുഗ്രൻ വേലയും ചെയ്തിരുന്നു. വേലയ്ക്കിടയിൽ അല്പം നേരമ്പോക്കൊക്കെ വേണമല്ലോ. അതുകൊണ്ട് ഈ മാന്യദേഹം സഭയിലെ ഒരു സഹോദരിയെ കടന്നുപിടിച്ചു. അവർ കുതിരമാറി വെട്ടുകത്തി എടുത്തു. അതോടെ പാസ്റ്ററുടെ ആത്മീയം തണുത്തു.

"പക്ഷേ, പ്രശ്നം അവിടം കൊണ്ടു തീർന്നില്ല. ആ സഹോദരി കൗൺസിലിന് പരാതി കൊടുത്തു. കൗൺസിൽ പാസ്റ്ററെ വിചാരണ ചെയ്ത് കുറ്റക്കാരനെന്ന് കാണുകയും ചെയ്തു. എന്നിട്ടോ? എന്നിട്ടൊന്നുമില്ല. പാസ്റ്ററെ വാൽക്കുളമ്പിലേക്ക് സ്ഥലം മാറ്റി. പഴയ സ്ഥലത്ത് വ്യഭിചരിക്കുന്നതിലും നല്ലതാണല്ലോ പുതിയ സ്ഥലത്ത് വ്യഭിചരിക്കുന്നത്. സി.വി.ജോണിനും കൂട്ടർക്കും ഇതിൽ കൂടുതൽ എന്തു ചെയ്യാനാവും?

കാര്യങ്ങളുടെ പോക്ക് ഇങ്ങനെയാണ്. ഈ മാന്യദേഹമാണ് ഇപ്പോൾ അത്യുഗ്രമായി കൂട്ടുകൃഷി നടത്തുന്നത്. സംഭവം എന്തെന്ന് വ്യക്തമായി പറയാം.

വാൽക്കുളമ്പ് ശാരോൻ സഭയിലെ ഒരു വിശ്വാസിയുമായി ചേർന്ന് പാസ്റ്റർ അക്ഷരാർത്ഥത്തിൽ കൂട്ടുകൃഷി നടത്തുന്നുണ്ട്. സഭാഭരണത്തിനിടയിൽ അല്പം കൃഷി നടത്തുന്നത് തെറ്റാണെന്നു പറയാനാവില്ല. പക്ഷേ, ഇവിടെ ഒരു പ്രശ്നമുണ്ട്. പങ്കു കൃഷിക്കാരനായ സഹോദരൻ ബൈബിൾ സ്കൂളിൽ പഠിക്കാൻ പോകും. ഈ സഹോദരന്റെ ഭാര്യയോടൊപ്പമാണ് പാസ്റ്ററുടെ കൃഷി. രാവിലെ പാസ്റ്റർ ഈ സ്ത്രീയോടൊപ്പം ദൂരെയുള്ള കൃഷിസ്ഥലത്തേക്കു പോകും. കൃഷിയൊക്കെ കഴിഞ്ഞ് മടങ്ങി വരുമ്പോൾ സന്ധ്യയായിരിക്കും. അതിൽ തെറ്റുണ്ടോ? അശ്ലേഷമില്ലെന്ന് പാസ്റ്റർ പറയുന്നു. എങ്കിലും വാൽക്കുളമ്പിലുള്ള പൊതുജനത്തിന് ഇത് അത്ര ബോധ്യപ്പെടുന്നില്ല. മറ്റൊരു വ്യക്തിയുടെ ഭാര്യയോടൊപ്പം കൃഷിക്കു പോകുന്ന പാസ്റ്റർ എന്തു കൊണ്ട് സ്വന്തം ഭാര്യയെക്കൂടി കൊണ്ടു പോകുന്നില്ല എന്നാണ് നാട്ടുകാർ ചോദിക്കുന്നത്. പൊതുജനം ഇങ്ങനെ തുടങ്ങിയാൽ പാസ്റ്റർമാർ എങ്ങനെ കൃഷി നടത്തും?

## പുത്രന്റെ സാമ്രാജ്യത്തിന്റെ യഥാർത്ഥ വിലയെന്ത്?

വിദേശപര്യടനത്തിനിടയിൽ പോക്കറ്റ് മണിയായി ലഭിച്ച പണം സഭയ്ക്ക് നൽകിയില്ല എന്ന അത്യുഗ്രൻ കുറ്റത്തിന് പാസ്റ്റർ കെ.സി.ചെറിയാനെ സഭയിൽ നിന്നും മഹറോൻ ചൊല്ലിയ കെ.ഇ.ഏബ്രഹാമിന്റെ പേരിലുള്ള സ്വകാര്യ സംഘടന അടുത്ത കാലത്ത് ഓതറയിൽ കുറെ സ്ഥലം വാങ്ങി. അഞ്ചു കോടിയോളം രൂപ വിലയായി കൊടുത്തെന്നും കേട്ടിരുന്നു. ഭാരതസുവിശേഷീകരണത്തിനെന്ന പേരിൽ വിദേശത്തുനിന്നും പിരിച്ചെടുത്ത പണം ഉപയോഗിച്ചാണ് സ്വകാര്യ സംഘടനയുടെ പേരിൽ സ്ഥലം വാങ്ങിയത്. കെ.സി.ചെറിയാനെ പാപിയാക്കിയ കെ.ഇ.ഏബ്രഹാമിന്റെ പേരിലുള്ള സംഘടനതന്നെ ഇതു ചെയ്തത് ദൈവീക ന്യായവിധിയല്ലാതെ മറ്റെന്താണ്?

ഇരവിപേരൂർ വില്ലേജിൽ റീസർവ്വേ നമ്പർ 227/1, 304/1, 304/3-1, 304/3-2, 304/3-3, 304/3-4, 304/3-5, 304/3-6 എന്നിവയിൽപ്പെട്ട 14 ഹെക്ടർ 11 ആർ 60 സ്ക്വ.മീറ്റർ (ഏകദേശം 35 ഏക്കർ) സ്ഥലമാണ് വാങ്ങിയിട്ടുള്ളത്. (അടുത്തു കിടക്കുന്ന പതിനഞ്ച് ഏക്കർ കൂടി വാങ്ങാൻ പദ്ധതിയിടുന്നതായും അറിഞ്ഞു). സ്ഥലത്തിന്റെ വിലയായി 3,83,46,000 രൂപ മാത്രമാണ് കൊടുത്തതെന്നും അത് നിയമപ്രകാരം ഡ്രാഫ്റ്റായിട്ടാണ് കൊടുത്തതെന്നും കെ.ഇ. ഏബ്രഹാം ഫൗണ്ടേഷനുവേണ്ടി ചെയർമാനായ ടി.എസ്.ഏബ്രഹാമും വൈസ് ചെയർമാനായ വൽസൻ ഏബ്രഹാമും പറയുന്നു. പക്ഷേ, അഞ്ചു കോടിയോളം രൂപ കൊടുത്തതായാണ് അനൗദ്യോഗിക കണക്ക്.

ആധാരം രജിസ്റ്റർ ചെയ്യാനായി സ്റ്റാമ്പ് ഡ്യൂട്ടി കണക്കാക്കിയപ്പോൾ 5,23,19,200 രൂപ സ്ഥലത്തിന് വിലയിട്ടിട്ടുണ്ട്. സർക്കാർ നിശ്ചയിച്ച വിലയിൽ കുറച്ചുകാണിച്ച് ആധാരം രജിസ്റ്റർ ചെയ്താൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ ഒഴിവാക്കാനാണ് ഇങ്ങനെ ചെയ്തത് എന്നത്രേ കെ.ഇ.ഏബ്രഹാം ഫൗണ്ടേഷന്റെ വിശദീകരണം. അത് ശരിയോ തെറ്റോ എന്ന് സർക്കാർ പരിശോധിക്കട്ടെ.

ടി.എസ്.ഏബ്രഹാമും മകനും പറയുന്നത് ശരിയാണെങ്കിൽപ്പോലും സ്ഥലവിലയായി 3,83,46,000 രൂപയും അതിന്റെ ആധാരച്ചെലവും അടക്കം നാലര കോടിയോളം രൂപ ഈ വകയിൽ ചെലവായിട്ടുണ്ട്. ഈ പണം എങ്ങനെയുണ്ടായി? അതിനുള്ള ഉത്തരം ഡിഫെൻഡറിന്റെ മെയ് ലക്കത്തിൽ പറഞ്ഞിരുന്നു. ഊരും പേരുമില്ലാത്ത ഒരു സാധു പെൺകുട്ടിയുടെ ചിത്രം ഇന്റർനെറ്റിൽ പ്രസിദ്ധീകരിച്ച് പണം പിരിച്ചു. ഇപ്പോഴും പിരിച്ചുകൊണ്ടിരിക്കുന്നു. സംശയമുള്ളവർ www.indiago.org എന്ന വെബ് സൈറ്റ് നോക്കുക.

ഇന്ത്യയിലെ സാധുക്കളായ കുട്ടികളുടെ ചിത്രം വിറ്റ് പിരിച്ചെടുത്ത കോടികൾ സ്വന്തം കുടുംബത്തിന്റെ നിയന്ത്രണത്തിലുള്ള സംഘടനക്ക് സ്ഥലം വാങ്ങാൻ വിനിയോഗിച്ചിരിക്കയാണ്. കെ.സി.ചെറിയാനെ പുറത്താക്കിയവർ ഇതിന് എന്തു വിശദീകരണമാണാവോ നൽകാൻ പോകുന്നത്. ഒരു നേരത്തെ ആഹാരത്തിനു വകയില്ലാത്തവരുടെ നാമത്തിൽ പിരിച്ചെടുത്ത ഒരോ ചില്ലിക്കാശിനും ടി.എസ്.ഏബ്രഹാമും തലമുറയും കണക്കു പറയേണ്ടതായി വരും എന്നതിന് സംശയമില്ല.

**ലഘുലേഖകൾ ലഭിക്കും**

സുവിശേഷീകരണത്തിന് ഉപയോഗിക്കുവാൻ അനുയോജ്യമായ ലഘുലേഖകൾക്ക് ബന്ധപ്പെടുക:
Ph: 0484-3098110

## കരിമ്പിൻകാടന്റെ കൈയിൽ കാശ് കൊടുക്കരുതേ

ഗാനരചയിതാവെന്ന നിലയിൽ ഏറെ പ്രസിദ്ധനായ പാസ്റ്റർ എം.റ്റി. ജോസ് ഏതാനും ആഴ്ച മുൻപ് കർത്താവിൽ നിദ്ര പ്രാപിച്ച വിവരം ഏവർക്കും അറിവുള്ളതാണല്ലോ. ദൈവ വേലയിൽ ശ്രദ്ധ ചെലുത്തിയതു മൂലം അദ്ദേഹത്തിന് സാമ്പത്തിക നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞില്ല. തികച്ചും അപ്രതീക്ഷിതമായി അദ്ദേഹം മരിച്ചതോടെ കുടുംബം ബുദ്ധിമുട്ടിലായി.

ജോസ് പാസ്റ്ററേപ്പോലുള്ളവരുടെ കുടുംബത്തെ സഹായിക്കേണ്ടത് തികച്ചും ആവശ്യമാണ്. അതുകൊണ്ട് ദൈവമക്കൾ ഈ വിഷയം അർഹിക്കുന്ന ഗൗരവത്തിൽ എടുക്കുകയും സാമ്പത്തികമായി അവരെ സഹായിക്കയും ചെയ്യണം.

ജോസ് പാസ്റ്ററെ സഹായിക്കാനെന്ന പേരിൽ ശാരോനിൽ ഒരു ഫണ്ടുശേഖരണം ആരംഭിച്ചിട്ടുണ്ട്. ശാരോനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏതെങ്കിലും പാസ്റ്റർ മരിക്കുമ്പോൾ ഇത്തരത്തിൽ പിരിവ് നടത്തുന്നത് ശാരോനിൽ പതിവാണ്. വലിയ തുക പിരിഞ്ഞു കിട്ടുകയും ചെയ്യും. പക്ഷേ, മരിച്ച പാസ്റ്ററുടെ കുടുംബത്തിന് വളരെ ചെറിയ ഒരു തുക മാത്രമേ ലഭിക്കയുള്ളൂ. അതുപോലും വളരെ വൈകിയാകും കൊടുക്കുക. നാളിതുവരെ ശാരോനിൽ നടന്നിട്ടുള്ള എല്ലാ ഫണ്ട് പിരിവുകളുടേയും ഗതി ഇതുതന്നെയായിരുന്നു. ഭൂകമ്പപ്പിരിവിന്റെ കഥയും മറിച്ചായിരുന്നില്ല. പിരിച്ചെടുത്ത പണം രണ്ടു വർഷത്തോളം കാലം നേതാക്കൻമാരുടെ കൈവശമിരുന്നു. ഒടുവിൽ റ്റി.എസ്.ബാലൻ പോലീസിനും കളക്ടർക്കും പരാതി കൊടുത്തതിനു ശേഷമാണ് പിരിച്ചെടുത്ത പണത്തിന്റെ ഒരംശമെങ്കിലും സർക്കാരിനു കൊടുത്തത്.

ഈ പിരിവുകളിലൂടെ എത്ര തുക പിരിഞ്ഞുകിട്ടി? ആരൊക്കെയാണ് പണം കൊടുത്തത്? കിട്ടിയ പണം ആരുടെ കൈവശമാണ്? ഇതൊന്നും ചോദിക്കാൻ ശാരോനുമായി വിശ്വാസികൾക്ക് അവകാശമില്ല. കാരണം ശാരോനിലെ വിശ്വാസികൾ ശാരോൻ ഫെലോഷിപ്പ് ചർച്ച് എന്ന സൊസൈറ്റിയിലെ അംഗങ്ങൾ അല്ലത്രേ. ശാരോൻ ഓഫീസിലിരിക്കുന്ന കരിമ്പിൻകാടന്റെ കൈവശമാണ് പണം ചെന്നുചേരുക. അതിന്റെ ചെറിയൊരു അംശം മാത്രമേ ജോസ് പാസ്റ്ററുടെ കുടുംബത്തിന് ലഭിക്കൂ.

ജോസ് പാസ്റ്ററുടെ കുടുംബത്തെ സഹായിക്കേണ്ടത് ആവശ്യമാണ്. പക്ഷേ, അതിനുള്ള പണം ശാരോനിലെ കള്ളൻമാരുടെ കൈയിൽ കൊടുക്കുന്നത് ബുദ്ധിഹീനതയാണ്. അതുകൊണ്ട് പാസ്റ്ററുടെ കുടുംബത്തെ സഹായിക്കാൻ ആഗ്രഹിക്കുന്നവർ അതിനുള്ള പണം പാസ്റ്ററുടെ ഭാര്യക്ക് അയച്ചു കൊടുക്കുക.

വിലാസം:

**Elsamma Jose,**
**Sharon Villa,**
**Edappavoor, Plankamon,**
**Velliyara P.O.,**
**Pattanamthitta Dist.,**
**Phone: 0469-2775519**

**വണ്ടിയുടെ ഗ്ലാസ് തല്ലിപ്പൊളിക്കേണ്ട**

താക്കോൽ ഉള്ളിൽ വച്ച് നിങ്ങളുടെ വാഹനം പൂട്ടിപ്പോയി. എങ്ങനെ അത് തുറക്കും? വിവരം പെരുമ്പാവൂരിലെ ചാവിക്കടയിൽ അറിയിച്ചാൽ, (വാഹനം നിങ്ങളുടേതാണെന്ന് ബോദ്ധ്യപ്പെടുത്തിയാൽ), രണ്ടു മിനിറ്റുകൊണ്ട് കാര്യം സാധിക്കാം

**ചാവിക്കട**

ഫെഡറൽ ബാങ്കിന് എതിർവശം
പെരുമ്പാവൂർ
ഫോൺ: 9447149309
സമയം: 9 AM to 9 PM.
ഞായറാഴ്ചയും പ്രവർത്തിക്കും

**STUDY ON PRAYER**

MP3 Format :: 15 hours Read by Text Reader

**Subjects:**

1. The soul of Prayer : P.T. Forsyth
2. How to pray : R.A. Torrey
3. Power & Prayer : E.M.Bounds
4. Necessity of Prayer : E.M.Bounds
5. On Prayer : Charls Finny

**Price: Rs. 100/- only (by M.O)**
C.D. is sent by courier service only.
Send orders with M.O., mentioning your phone number and nearest courier, to:

**The Defender,**
**Near: KSRTC, Perumbavoor P.O.,**
**Ernakulam Dist. Kerala - Pin. 683542**
**Phone: 0484-2592249, 94474-14608**

**റ്റി.എസ്.ബാലന്റെ പ്രസംഗങ്ങൾ സി.ഡി. റോമിൽ**

13 പ്രസംഗങ്ങൾ. 13 മണിക്കൂർ ദൈർഘ്യം MP 3 ഫോർമാറ്റ്. വില 100 രൂപ മാത്രം പോസ്റ്റേജ് സൗജന്യം. വില എം.ഒ. അയക്കുക. കൊറിയർ സർവ്വീസിലൂടെയാണ് സി.ഡി. അയക്കുന്നത്. അതു കൊണ്ട് നിങ്ങളുടെ ഫോൺ നമ്പർ, നിങ്ങൾക്ക് ഏറ്റവും സൗകര്യപ്രദമായ കൊറിയർ സർവ്വീസിന്റെ പേര് എന്നിവ മണിയോർഡർ കൂപ്പണിൽ എഴുതുക.

കൂടുതൽ വിവരങ്ങൾക്ക്:
എഡിറ്റർ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ. 683542
ഫോൺ: 0484-2592249, 9447414608

Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Rashtra Deepika Press, Eloor. Published at Anand Bhavan Perumbavoor. Editor: Anish Balan